# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 12/1639/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 12/1639/21 തീയ്യതി: 16/02/2022

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-02-2020 മുതൽ 06-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യൂ.ബിജു ആന്റണി. ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.സി.ഹരിഗോബിന്ദ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.പി. രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. സി.എസ്.അനില, സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. ജയദേവൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. പി. ജയശ്രീ. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പി. ആഷിഫ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 03-04-2020 |
| ശ്രീമതി. കെ.സ്മിത | സെക്രട്ടറി | 04-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.ആർ. കർണൻ. | അസി.എഞ്ചിനീയർ | 01-04-2020 | 09-07-2020 |
| ശ്രീ. വി. ഹരികൃഷ്ണൻ | അസി.എഞ്ചിനീയർ | 10-07-2020 | 08-01-2021 |
| ശ്രീമതി.അമ്പിളി. എൻ. | അസി.എഞ്ചിനീയർ | 09-01-2021 | 24-01-2021 |
| ശ്രീ. സി. പ്രവീൺ. | അസി.എഞ്ചിനീയർ | 25-01-2021 | 31-03-2021 |
| ശ്രീ.പി. ആഷിഫ്. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. എം. നസീമ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. രേഷ്മ . കെ. വാസു | വെറ്റിനറി സർജൻ | 01-04-2020 | 31-10-2020 |
| ഡോ. ജയേഷ് | വെറ്റിനറി സർജൻ | 01-11-2020 | 31-03-2021 |
| ഡോ. ഗിരിജ സജീവ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീ. ഇ. എസ്. പരമേശ്വരൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. അരുൺ ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 30-07-2020 |
| ശ്രീമതി . അബിത ജോസഫ് | കൃഷി ഓഫീസർ | 31-07-2020 | 07-10-2020 |
| ശ്രീ. വിനയ് മാത്യു. | കൃഷി ഓഫീസർ | 08-10-2020 | 31-03-2021 |
| ശ്രീ. പരമേശ്വരൻ. | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ്. നാരായണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-08-2020 |
| ശ്രീമതി. ടി.കെ. പ്രസന്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-08-2020 | 31-03-2021 |
| ഡോ. എസ്. അഞ്ജലി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 19-11-2020 |

| | | | |
|---|---|---|---|
| ഡോ.എം.എസ് ശബാന | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-11-2020 | 24-12-2020 |
| ഡോ. എസ്. അഞ്ജലി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 25-12-2020 | 31-03-2021 |

-

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1 |
| 2 | റിവൈസ്ഡ് ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-1 |
| 3 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-2 |
| 4 | ബജറ്റ് നടപടിക്രമങ്ങൾ - പൂർണ്ണമായി പാലിച്ചിട്ടില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-3 |
| 6 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 21-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 09-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-7 |
| 11 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: C.S.Anila (Senior Grade Auditor, On 14-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-8 |
| 13 | അഭ്യന്തര നിയന്ത്രണ സംവിധാനം.<br>Written By: K.C.Harigobind (Senior Grade Auditor, On 21-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 11-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-10 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-11 |
| 16 | രശീതി പരിശോധനയിലെ നിരീക്ഷണങ്ങൾ<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 23-11-2021) | 1-12 |
| 17 | സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-12(1) |

| | | |
|---|---|---|
| 18 | രശീതിബുക്ക് കൈകാര്യം ചെയ്യുന്നതിൽ ചട്ടം പാലിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-12(2) |
| 19 | സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-13 |
| 20 | തൊഴിൽനികുതി പരിശോധനയിൻമേലുള്ള നിരീക്ഷണങ്ങൾ<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-14 |
| 21 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-14(1) |
| 22 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-14(2) |
| 23 | തൊഴിൽനികുതി കുറവായി ഈടാക്കി<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-14(3) |
| 24 | FACTEOS ലൈസൻസ് ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-15 |
| 25 | വസ്തുനികുതി - സഞ്ചയയിലെ പൊരുത്തക്കേടുകൾ<br>Written By: C.S.Anila (Senior Grade Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-16 |
| 26 | അനധികൃത നിർമ്മാണം - നിയമാനുസൃതമുള്ള നികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-17 |
| 27 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-18 |
| 28 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-19 |
| 29 | കട്ടങ്ങൻചിറ അംഗൻവാടി നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-20 |
| 30 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-21 |
| 31 | കുടിവെള്ള പദ്ധതിയിൽ സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-22 |
| 32 | കുറഞ്ഞ തുകയ്ക്കുള്ള അടങ്കൽ തയ്യാറാക്കി കുടിവെള്ള പദ്ധതിയിലെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നു.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-23 |

| | | |
|---|---|---|
| 33 | കുടിവെള്ള പദ്ധതികളിൽ പുതിയ മോട്ടോർ സ്ഥാപിച്ചു എങ്കിലും പഴയ മോട്ടോർ തിരികെ ഏൽപ്പിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-24 |
| 34 | സമഗ്രനെൽകൃഷി വികസനം രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Biju Antony (Audit Officer, On 23-11-2021)<br>Last Updated By: Haseena KU (Computer Assistant, On 15-02-2022) | 1-25 |
| 35 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-26 |
| 36 | റോഡ് കോൺക്രീറ്റ് - നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല<br>Written By: Biju Antony (Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-27 |
| 37 | ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-28 |
| 38 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1- 29 |
| 39 | കലിംഗ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-30 |
| 40 | നല്ല ഭൂമി അഞ്ചാം ഘട്ടം.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-31 |
| 41 | ആനുകൂല്യം പൂർണ്ണമായി നൽകിയിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-32 |
| 42 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചത് - ക്രമ പ്രകാരമല്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-33 |
| 43 | തെരുവ് വിളക്കുകളുടെ പരപാലനം.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-34 |
| 44 | ആസ്തി രജിസ്റ്റർ കാലികമാക്കൽ.<br>Written By: K.C.Harigobind (Senior Grade Auditor, On 24-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-35 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-36 |
| 46 | അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-37 |
| 47 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി- അർഹമായ തുക വകയിരുത്തുന്നില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 1-38 |
| 48 | തൊഴിലുറപ്പ് പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് | 1-39 |

| | | |
|---|---|---|
| | നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 22-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | |
| | ഭാഗം **2** | |
| 1 | അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 16-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.C.Harigobind (Senior Grade Auditor, On 16-11-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 16-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 18-11-2021)<br>Last Updated By: Biju Antony (Audit Officer, On 18-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 17-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 17-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 26-11-2021)<br>Last Updated By: Haseena KU (Computer Assistant, On 16-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 09-11-2021)<br>Last Updated By: N Satheesan (Deputy Director, On 16-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1 ബജറ്റ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.03.2020 ലെ യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് 1(1) നമ്പർ തീരുമാന പ്രകാരം അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 25.03.2020 ലെ ഭരണസമിതിയുടെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുമുണ്ട്.

ബജറ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 253858 |
| വരവ് | 148269000 |
| ആകെ | 148522858 |
| ചെലവ് | 147803900 |
| നീക്കിയിരിപ്പ് | 718958 |

### 1-1 റിവൈസ്ഡ് ബജറ്റ്.

1994 പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214(5) പ്രകാരം വരവ്, ചെലവുകളെ സംബന്ധിച്ച് ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ അനിവാര്യമെങ്കിൽ അനുപൂരകമോ, പുതുക്കിയതോ ആയ ഒരു ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ആയതിന് വിരുദ്ധമായി വരവ്/ചെലവുകൾക്കുള്ള വിവിധ ഹെഡുകളിലെ കണക്കുകളിൽ മാത്രം വ്യത്യാനം വരുത്തി ആകെ വരവിലും, ചെലവുകളിലും വ്യത്യാസം ഇല്ലാതെയാണ് പഞ്ചായത്ത് ബജറ്റ് റിവൈസ് ചെയ്തിട്ടുള്ളത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.02.2021 ലെ യോഗത്തിൽ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് തീരുമാന നം.2(1) പ്രകാരം അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 16.02.2021 ലെ തീരുമാന നം.3(1) പ്രകാരം റിവൈസ്ഡ് ബജറ്റിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുമുണ്ട്. വിശദവിവരങ്ങൾ:

| | |
|---|---|
| മുന്നിരിപ്പ് | 2226977 |
| വരവ് | 148269000 |
| ആകെ | 150495977 |
| ചെലവ് | 147803900 |
| നീക്കിയിരിപ്പ് | 2692077 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ച് അയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി. |
|---|---|---|---|
| 30.07.2021 | 24.09.2021 | അയച്ചിട്ടില്ല. | ബാധകമല്ല. |

അനുവദനീയമായ സമയ പരിധിക്കുള്ളിൽ വാർഷിക ധനകാര്യ പത്രിക ഹാജരാക്കേണ്ടതാണ്.

### 1-2 ബജറ്റ് നടപടിക്രമങ്ങൾ - പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016

/ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1)അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് - പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റികളും ജനുവരി 15 -നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

ഭൂരിഭാഗം ഘടക സ്ഥാപാപന മേധാവികളും അനുവദനീയമായ സമയ പരിധിയായ ജനുവരി 15 ന് ശേഷമാണ് നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളത്.ഉദാ :

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | നോൺ പ്ലാൻ എസ്റ്റിമേറ്റ് സമർപ്പിച്ച തീയതി |
|---|---|---|
| 01 | മെഡിക്കൽ ഓഫീസർ, PHC | 04.02.2020 |
| 02 | കൃഷി ഓഫസർ | 04.02.2020 |
| 03 | വി.ഇ.ഒ. | 05.02.2020 |
| 04 | ഐ.സി.ഡി.എസ് | തീയതിയില്ല |
| 05 | ഡയറി | തീയതിയില്ല. |

2)മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നത് മുമ്പ് തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3)സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യതിയാനങ്ങളോടൊപ്പവും വിശദമായ അടി കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ്.

4)2.02.12.2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും, സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

പൂക്കോട്ട് കാവ് പഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ ക്രമ നം. 1 മുതൽ 4 വരെയുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2732129 |
| വരവ് | 58030830 |
| ആകെ | 60762959 |
| ചെലവ് | 55755572 |
| നീക്കിയിരിപ്പ് | 5007387 |

1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.

1)ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. .

2)സചിത്ര സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്ല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

3)ജോയിന്റ് വെഞ്ച്വർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ എന്നീ പഞ്ചായത്തുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് (STSB A/c)പഞ്ചായത്ത് നിലവിൽ ആരംഭിച്ചിട്ടില്ല.

4)മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുന്ന ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആസ്തികളായി മാറുമ്പോൾ ജേണൽ എൻട്രിയിലൂടെ അസ്സറ്റായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

5)സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്കായി ലഭ്യമായ സ്റ്റേറ്റ് വിഹിതം തെറ്റായി റസീപ്റ്റ് & പെയ്മെന്റ് RP(36) ലെ സെക്യൂർഡ് വായ്പകളുടെ ഹെഡിൽ ഉൾപ്പെടുത്തിയാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

ന്യൂനതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 6706943 | 6706943 | 6525514 | 181429 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10062246 | 10062246 | 10062246 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് + അൺടൈഡ്) | 0 | 8465973 | 8465973 | 7734135 | 731838 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | 0 | 6797000 | 6797000 | 6797000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| *എം.ജി.എൻ.ആർ.ഇ.ജി.എസ് | 4892 | 36603634 | 36608526 | 36593829 | 14697 |
| ഐ.സി.ഡി.എസ്. | 581294 | 567826 | 1149120 | 450000 | 699120 |
| ടോട്ടൽ സാനിട്ടേഷൻ & ശുചിത്വ മിഷൻ | 420971 | 1346804 | 1767775 | 273900 | 1493875 |
| *ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 908344 | 736787 | 1645131 | 907718 | 737413 |
| ജില്ലാ പഞ്ചായത്ത് | - | 2963532 | 2963532 | 2963532 | 0 |
| ലൈഫ് മിഷൻ | 3941764 | 15,40,000 | 5481764 | 571097 | 4910667 |

ജോയിന്റ് വെഞ്ചർ അക്കൗണ്ടുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക്, ജില്ലാ എന്നീ പഞ്ചായത്തുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് (STSB A/c)പഞ്ചായത്ത് നിലവിൽ ആരംഭിച്ചിട്ടില്ല. തനത് ഫണ്ടിലൂടെയാണ് ഇടപാടുകൾ നിർവ്വഹിച്ച് വരുന്നത്.

ഓഡിറ്റ് നിർദ്ദേശം

1)പ്രത്യേകോദ്ദേശ ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് നിർദ്ദിഷ്ട പദ്ധതികൾക്ക് തന്നെ തുക വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2)വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 54460476 | 131 | 43383706 | 25 | 4 | 81.88% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 20 | 5394689 | 4849547 | 89.89 |
| അസി.സെക്രട്ടറി | 10 | 07 | 2187788 | 1227959 | 56.13 |
| കൃഷി ഓഫീസർ | 07 | 03 | 4003942 | 1887862 | 47.15 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 04 | 04 | 881814 | 844624 | 95.78 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01 | 01 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 06 | 05 | 1610000 | 1190737 | 73.96 |
| ഐ.സി.ഡി.എസ് | 08 | 07 | 2118125 | 2001816 | 94.51 |
| വി.ഇ.ഒ | 12 | 12 | 12549474 | 12257478 | 97.67 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 02 | 01 | 6,00,000 | 1,00,000 | 16.67 |
| അസി.എഞ്ചിനീയർ | 84 | 67 | 24364644 | 18273683 | 75 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 350000 | 350000 | 100 |
| ആകെ | 159 | 128 | 54460476 | 43383706 | 79.66 |

വർക്കിംഗ് ഗ്രൂപ്പുകൾ (2020-2021)

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതു യോഗം 2020-2021 സാമ്പത്തിക വർഷത്തിൽ ചേർന്നതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് വികസന പദ്ധതികളുടെ പൂർണ്ണമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നത് വരെ എല്ലാ പ്രൊജക്റ്റ് ഫയലുകളിലും മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

പദ്ധതികളുടെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നത് വരെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടപടികൾ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4892 | 1962580 | 1967472 | 1952775 | 14697 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34641054 | 34641054 | 34641054 | 0 |
| ആകെ | 4892 | 36603634 | 36608526 | 36593829 | 14697 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 01 |
| കർഷകതൊഴിലാളി പെൻഷൻ | 5553900 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 07 |
| വാർദ്ധക്യകാലപെൻഷൻ | 16159100 | 6439 |
| വികലാംഗപെൻഷൻ | 3193000 | 1237 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1548400 | 597 |
| വിധവാ പെൻഷൻ | 11043400 | 4179 |

1-7-1 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമൂഹ്യസുരക്ഷാ പെൻഷൻ വിഭാഗം | പ്രതിമാസ നിരക്ക് | ഗുണഭോക്താകളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1600 | 382 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 1298 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി / മാനസികമായി വെല്ലുവിളി നേരിടുന്നവർ | 1600 | 217 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1600 | 106 |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 741 |
| ആകെ | | | 2744 |

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സർക്കാർ ഉത്തരവ് (എംഎസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 15 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക്/പോസ്റ്റ് ഓഫീസ് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞതിനെ തുടർന്ന് 2020-21 വർഷം അവകാശികൾ പെൻഷൻ തുക തിരിച്ചടതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മരണപ്പെട്ട തിയതി | അവകാശികൾ തിരിച്ചടച്ച തുക |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി നായർകാവെള്ളൂ | 16.12.2016 | 22500 |

| | | | |
|---|---|---|---|
| | ഹൗസ് തിരുവാഴിയോട് | | |
| 2 | അശോക് കുമാർ സാരംഗ് ,കാട്ടുകുളം | 23.02.2020 | 2500 |
| 3 | ശങ്കരനാരായണൻ ധന്യ നിവാസ് കാട്ടുകുളം | 07.06.2018 | 15800 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഓരോ ബാച്ച് പെൻഷൻ വിതരണം പൂർത്തിയാകുമ്പോഴും വിതരണ എജൻസികളിൽ നിന്നും മരണമടഞ്ഞവരും, പുനർവിവാഹം ചെയ്തവരും ആയ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കി മതിയായ പരിശോധനയുടെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണമടഞ്ഞവരുടെയും, പുനർവിവാഹം ചെയ്തവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാർ/ആശ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അവരെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന ദിവസം തന്നെ, പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 97/2020 തീയതി 23/9/2020 ലെ നിർദ്ദേശങ്ങൾ പ്രകാരം അനർഹമായി വിധവാ പെൻഷൻ വാങ്ങുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

5) പെൻഷൻ വിതരണം, പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ എന്നീ കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8618 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 അഭ്യന്തര നിയന്ത്രണ സംവിധാനം.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തുവാനായി ഓഡിറ്റ് സ്വീകരിച്ച നിരീക്ഷണങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകളും, പ്രാവർത്തികമാക്കേണ്ട ഓഡിറ്റ് നിർദ്ദേശങ്ങളും അനുബന്ധമായി താഴെ ചേർക്കുന്നു :

1)2019-2020 സാമ്പത്തിക വർഷത്തിൽ പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2020-2021 സാമ്പത്തിക വർഷത്തിൽ പുതിയ ഭരണസമിതി രൂപീകരിച്ച ശേഷം 10 മാസം കഴിഞ്ഞാണ് പൗരാവകാശ രേഖ പുതുക്കി തയ്യാറാക്കിയിരിക്കുന്നത്.

അനുവദനീയമായ കാല പരിധിക്കുള്ളിൽ പൗരാവകാശ രേഖ പുതുക്കി തയ്യാറാക്കേണ്ടതാണ് .

2)ഗ്രാമ പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ആയതിന്റെ കാലാവധി മെയ് മാസം 2020-2021 ൽ തീരുന്നതാണ്.

കാലാധി പൂർത്തിയാകുന്ന മുറയ്ക്ക് ISO അധിഷ്ഠിതമാക്കി സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

3) കാൾ റൂം സജ്ജീകരണം പഞ്ചായത്തിൽ നിലവിലില്ല.

കാൾ റൂം സജ്ജീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)പഞ്ചായത്തിൽ 11 ജീവനക്കാർ വ്യത്യസ്ത അംഗീകൃത തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. ഒരു ടെക്ക്നിക്കൽ അസിസ്റ്റന്റ് കരാറടിസ്ഥാനത്തിലും പ്രവർത്തിച്ച് വരുന്നുണ്ട്.

5)ഫ്രണ്ട് ഓഫീസിലെ പണമിടപാടുകൾ രാവിലെ 10 AM. മുതൽ വൈകുന്നേരം 4 PM വരെയാണ്. ലഭ്യമായ പണം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ തന്നെ തനത് ഫണ്ടിനായി പരിപാലിച്ച് വരുന്ന കനറാ ബാങ്കിൽ അടവാക്കി വരുന്നുണ്ട്.

6)പെർഫോമൻസ് ഓഡിറ്റ് ശാഖാ എല്ലാ മാസവും വരവ് / ചെലവ് കണക്കുകൾ പരിശോധിച്ച് തൊട്ടടുത്ത മാസത്തിൽ ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കുന്നുണ്ട്. ഭരണസമിതി സ്വീകരിക്കുന്ന പരിഹാര നടപടികൾ പെർഫോമൻസ് ഓഡിറ്റ് ശാഖയ്ക്ക് റിപ്പോർട്ട് ലഭ്യമായ അടുത്ത മാസം തന്നെ സമർപ്പിച്ച് വരുന്നുമുണ്ട്.

7)നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത രീതിയിൽ TR.7A യിൽ ക്യാഷ് ബുക്ക് സൂക്ഷിച്ച് വരുന്നുണ്ട്.

8)ആസ്തി രജിസ്റ്ററിൽ നിലവിലുള്ള എല്ലാ ആസ്തികളും യഥാർത്ഥ മൂല്യത്തോടൊപ്പം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. ചട്ടം നിഷ്കർഷിക്കുന്ന രീതിയിൽ ഡിപ്രിയേഷൻ അനുവദിക്കുന്നുണ്ട്.

ആസ്തികളുടെ യഥാർത്ഥ മൂല്യത്തോടൊപ്പം പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .

9)സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യത്ഥാർത്ഥ മൂല്യം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.
ഉദാ:1) തെരുവ് വിളക്കുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ 2) രജിസ്റ്റർ ഓഫ് അൺസർവൈസബിൾ ഐറ്റംസ്.

സ്റ്റോക്ക് രജിസ്റ്ററുകൾ യത്ഥാർത്ഥ മൂല്യത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .

10)S.C.P മേഖലയിൽ പദ്ധതി നിർവ്വഹണങ്ങൾക്ക് മുമ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാനായി നൽകിയ ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവശദവിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2021 | 1.07.2021മുതൽ 31.08.2021 വരെ | 20.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.2010 | 2005-06 മുതൽ 2009.2010 വരെ | 28.05.2010 |

## 1-11 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിന് മുമ്പായി രജിസ്ട്രേഷൻ ഫീസ് സഹിതം പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ചട്ടം 5 പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി 50 രൂപ ഫീസ് നൽകി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ് . രജിസ്റ്റർ ചെയ്യിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും നടത്തി വരുന്നുണ്ടെങ്കിൽ ചട്ടം 8 പ്രകാരമുള്ള ശിക്ഷാനടപടികൾ

കൈക്കോള്ളേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഒന്നുംതന്നെ രജിസ്ട്രേഷൻ എടുക്കുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല. ഡോ. എൻ പി ജയകൃഷ്ണനുണ്ണി, സായിനികേതൻ, പുതുപ്പരിയാരം - യുടെ പേരിലുള്ള ഒരു ഹോമിയോ ആശുപത്രി മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കുന്നതിനായി പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. മറ്റു പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തിയതിന്റെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 22/22.11.21 മുഖേന വിശദാംശം അന്വേഷിച്ചതിന് ഹോമിയോ ആശുപത്രി കോവിഡ് വ്യാപനത്തെ തുടർന്ന് 20-21-ൽ പ്രവർത്തിച്ചില്ല എന്നും നിലവിൽ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നുണ്ട് എന്നുമാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 രശീതി പരിശോധനയിലെ നിരീക്ഷണങ്ങൾ

2020-21 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 07.02.2020 മുതൽ 06.11.2021 വരെയുള്ള കാലയളവിലെ മാന്വൽ രശീതികൾ പരിശോധിച്ചതിൽ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉപയോഗിച്ച 35517, 35535 നമ്പർ രശീതി ബുക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

### 1-12(1) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല

2020-21 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 07.02.2020 മുതൽ 06.11.2021 വരെയുള്ള കാലയളവിലെ മാന്വൽ രശീതികൾ പരിശോധിച്ചതിൽ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉപയോഗിച്ച 35517, 35535 നമ്പർ രശീതിബുക്കുകളിൽ കെടിസി വാല്യം 1 ആർട്ടിക്കിൾ 92 ബി, കുറിപ്പ് 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 7/17.11.21 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

കെ ടി സി വാല്യം 1 - ആർട്ടിക്കിൾ 92 ബി - കുറിപ്പ് 2 പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതും പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-12(2) രശീതിബുക്ക് കൈകാര്യം ചെയ്യുന്നതിൽ ചട്ടം പാലിച്ചിട്ടില്ല

ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി കൃഷിഓഫീസർ ഉപയോഗിച്ചു വരുന്ന 35535 -ാം നമ്പർ രശീതിബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) ബുക്കിലെ 17.11.21-ന് മുമ്പു വരെ ഉപയോഗിച്ച രശീതികളിലൊന്നിലും തുക കൈപ്പറ്റിയ തീയതി ചേർത്തിട്ടില്ല.

B) 22/35535 മുതൽ 26/35535 വരെയുള്ള രശീതികൾ പ്രകാരം ഈടാക്കിയ തുകകൾ പഞ്ചായത്തിൽ (സാംഖ്യ രശീതി നം. 120010102062/05.11.20) അടവാക്കിയിട്ടുണ്ടെങ്കിലും രശീതികളുടെ വിശദാംശങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഈ രശീതികളിൽ തീയ്യതി ചേർക്കാത്തതിനാൽ തുക കൈപ്പറ്റിയ തീയതിയും ഇവ അടവാക്കിയ തീയ്യതിയും തമ്മിൽ കാലതാമസം വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

C) രശീതികളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും ബുക്കിൽ സൂക്ഷിച്ചിരിക്കുന്നു. രശീതിയുടെ ഡ്യൂപ്ലിക്കേറ്റ് തുക അടവാക്കിയവർക്ക് നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്ന് യഥാർത്ഥത്തിൽ വാങ്ങിയ തുക സംബന്ധിച്ച് വ്യക്തതയില്ല.

D) ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് രശീതുകൾ എഴുതിയിട്ടില്ല.

മേൽസൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ അധ്യായം മൂന്നിലെ 19, 20-ൽ (എ), (സി) എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും മേൽപരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-13 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഒരു സ്രോതസ്സെന്ന നിലയിലും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നു എന്നതിനാലും നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (23/23.11.21) നൽകിയതിന് വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

1-14 തൊഴിൽനികുതി പരിശോധനയിൻമേലുള്ള നിരീക്ഷണങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-14(1) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

A) FACTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സ്റ്റാർ ഹോളോ ബ്രിക്സ് | 4 |
| 2 | ലിബർട്ടി ഫുഡ് പ്രൊഡക്റ്റ് | 3 |
| 3 | SANZ ട്രേഡേഴ്സ് | 6 |

| | | |
|---|---|---|
| 4 | ചെറുമല ക്വാറി | 8 |
| 5 | വേദ അപ്പാരൽസ്,<br>ടൈലറിംഗ് യൂണിറ്റ് | 9 |
| 6 | എവർഗ്രീൻ എന്റർപ്രൈസസ്,<br>സൂപ്പർമാർക്കറ്റ് | 3 |

B) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന 5 റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

C) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയ താഴെചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | വി രാജൻ,<br>വില്ലൻകണ്ടത്തിൽ ഹൗസ്<br>കല്ലുവഴി |
| 2 | കെ അരവിന്ദൻ,<br>കിഴക്കേ കൊട്ടാരം ഹൗസ്<br>കല്ലുവഴി |
| 3 | കെ ടി ഗോവിന്ദൻകുട്ടി,<br>തെക്കേതിൽ ഹൗസ്,<br>തിരുവാഴിയോട് |

തൊഴിൽനികുതി അടക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപരാമർശിച്ചതിൽ നികുതി അടക്കുവാൻ ശേഷിക്കുന്നവരിൽ നിന്നും നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-14(2) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, മുന്നൂർക്കോട് | II |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, കല്ലുവഴി | I & II |
| 3 | നീതി സ്റ്റോർ, പൂക്കോട്ടുകാവ് | I & II |

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (6/17.11.21) നൽകിയതിന് തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി, നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14(3) തൊഴിൽനികുതി കുറവായി ഈടാക്കി

അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽനികുതി കുറവായി ഈടാക്കി

35917/ഡി-1/2000/ത സ്വ ഭ വ തീയതി 27.07.2000 സർക്കുലർ പ്രകാരം ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്/ഫെസ്റ്റിവൽ അലവൻസ് എന്നിവ നേർപകുതി വീതം രണ്ടു അർദ്ധ വർഷത്തെയും വരുമാനമായി കണക്കാക്കേണ്ടതാണ്. എന്നാൽ ജി എച്ച് എസ് എസ് മുന്നൂർക്കോട് സമർപ്പിച്ച തൊഴിൽനികുതി സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | ബോണസ് ഉൾപ്പെടാത്ത അർദ്ധവാർഷിക വരുമാനം | ബോണസ് ഉൾപ്പെടെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | സൗമ്യ സി, ജി.എച്ച്.എസ്.എസ് മുന്നൂർക്കോട് | 20800X6= 124800 | (20800+1375) X 6 = 126175 | 1250 | 1000 | 250 |
| 2 | സുനിത ആർ, ജി.എച്ച്.എസ്.എസ് മുന്നൂർക്കോട് | 20800X6= 124800 | (20800+1375) X 6 = 126175 | 1250 | 1000 | 250 |
| | | | | | ആകെ | 500 |

നിയമപ്രകാരം അടവാക്കേണ്ടതായ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കാത്ത വിവരം ഓഡിറ്റ് അന്വേഷണം (6/17.11.21) മുഖേന അറിയിച്ചതിന് നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. ഖണ്ഡിക സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-15 FACTEOS ലൈസൻസ് ഉറപ്പുവരുത്തേണ്ടതാണ്

2020-21 വർഷത്തിലെ FACTEOS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, സഞ്ചയപ്രകാരമുള്ള വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നുമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി 107 സ്ഥാപനങ്ങൾക്ക് FACTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം നിലവിൽ ലൈസൻസിന്റെ പരിധിയിൽ വരുന്ന 548 സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യാപാരികളുടെ എണ്ണം 96 ആണ്. ഇതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയോ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല എന്നും വ്യക്തമാകുന്നു. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് /കെട്ടിട നം. | സ്ഥാപനം |
|---|---|
| 13/152 | ലിബർട്ടി ഫുഡ് പ്രൊഡക്ട്സ് |
| 12/95A,B | മുഹമ്മദ്കുട്ടി, മുണ്ടൂർക്കോട്, കോഴിഫാം |
| 12/313A | കുഞ്ഞീതു എം, മച്ചിങ്ങൽ, മുണ്ടൂർക്കോട്, കോഴിഫാം |
| 10/69 | രാജകൃഷ്ണൻ കെ വി, കല്ലുവഴി, |

| | ചിക്കൻ സെന്റർ |
|---|---|

2.പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഓഡിറ്റ് അന്വേഷണം മുഖേന ലഭ്യമായ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 5 റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ഇവ പ്രവർത്തിക്കുന്നതിനായി ലൈസൻസ് എടുത്തിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (15/19.11.21) നൽകിയതിന് കോവിഡ് വ്യാപനം മൂലം പല സ്ഥാപനങ്ങളും പ്രവർത്തിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശം

ട്രേഡേഴ്സ് ലിസ്റ്റ്, ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തവരുടെ എണ്ണം, സഞ്ചയയിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് ലൈസൻസിന്റെ പരിധിയിൽ വരുന്നവർ എന്നിവയിലെ എണ്ണത്തിലുള്ള വ്യത്യാസം പരിശോധിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്. ഇതിലൂടെ തനതുവരുമാനത്തിന്റെ സ്രോതസ്സെന്ന നിലയിൽ ലൈസൻസിനത്തിൽ ലഭ്യമാകേണ്ട തുക പഞ്ചായത്തിന് നഷ്ടം വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി - സഞ്ചയയിലെ പൊരുത്തക്കേടുകൾ

1) സഞ്ചയയിലെ (Discrepancy-Tax Exempted Building List) വിവരങ്ങളനുസരിച്ച് സ ഉ (എം എസ്) നം. 144/2015 ത.സ്വ.ഭ.വ തീയതി 27.04.15, സ ഉ (എം എസ്) നം. 358/2015 ത.സ്വ.ഭ.വ തീയതി 16.12.15 എന്നിവ പ്രകാരം നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനായി സമർപ്പിക്കേണ്ട സത്യവാങ്മൂലം 12 കെട്ടിട ഉടമസ്ഥർ (60ച.മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾ) നൽകിയിട്ടില്ല.

2) സഞ്ചയയിലെ Discrepancy-collection Updated Without Demand - റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| കെട്ടിട നം. | വർഷം | കാലയളവ് |
|---|---|---|
| 8/472 | 2019 | II Nd Half |
| 8/473 | 2019 | ,, |
| 8/474 | 2019 | ,, |
| 8/475 | 2019 | ,, |

3) മാന്വൽ രശീതി പ്രകാരം പിരിച്ചെടുത്ത വസ്തുനികുതിതുകയും സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേരും വിലാസവും | രശീതി നം/തീയതി | രശീതി പ്രകാരമുള്ള തുക | കളക്ഷനായി രേഖപ്പെടുത്തിയ തുക |
|---|---|---|---|---|
| 5/18 | ഹരിനാരായണ പൊതുവാൾ, കാട്ടുകുളം | 2/35523 | 429 | 852 |

| | | | | |
|---|---|---|---|---|
| 8/349 | എം.ഗോപിനാഥൻ, കടമ്പൂർ | 11/35519 | 26 | 52 |
| 8/374 | കുഞ്ഞുണ്ണി.ടി, കടമ്പൂർ | 28/35529 | 271 | 542 |

4.അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം 23 കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ വിഷയങ്ങൾ ഓഡിറ്റ് അന്വേഷണം (14/19.11.21) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് ക്രമ നം.2-ലെ അപാകത ക്രമീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.

<u>നിർദ്ദേശം</u>

1. നികുതി ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവുപ്രകാരമുള്ള സത്യവാങ്മൂലം കെട്ടിടഉടമകളിൽ നിന്നും ഉറപ്പുവരുത്തേണ്ടതാണ്.

2.ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ കളക്ഷൻ രേഖപ്പെടുത്തിയത് പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

3. സഞ്ചയയിൽ നികുതി തുക രേഖപ്പെടുത്തിയതിലുള്ള വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

4.അനധികൃത കെട്ടിടങ്ങളുടെ കൃത്യമായ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 അനധികൃത നിർമ്മാണം - നിയമാനുസൃതമുള്ള നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. പഞ്ചായത്ത് സൂക്ഷിച്ചുവരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ യു എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടതായ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| യു.എ നമ്പർ | ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വാർഷിക വസ്തുനികുതി | ഈടാക്കേണ്ട നികുതി | ഈടാക്കിയ തുക, വർഷം, രശീതി നം | വസ്തുനികുതിയിൽ ഒരു വർഷത്തേക്കുള്ള കുറവ് |
|---|---|---|---|---|---|---|
| UA/09/06/15-16 | ശ്രീ സുഭാഷ്, ചക്കിങ്ങൽ | 79.63 | 435 | 435X3 | 435,18-19, 11913010O175/2.3.19 | 870 |

| | | | | | | |
|---|---|---|---|---|---|---|
| | ഹൗസ്, പൂഞ്ചപ്പാടം | | | | 870, 19-20, 20-21 121130100847/1.9.21 | |
| UA/07/11 /15-16 | ശ്രീ പ്രഭാകരൻ, മൂച്ചിക്കുട്ടത്തിൽ, മുന്നൂർക്കോട് | 74.39 | 562 | 562x3 | 562, 11501101629/25.11.15 562, 2020-21 121130100133/21.4.21 | 1124 |

2.അനധികൃത നിർമ്മാണ രജിസ്റ്ററിൽ കെട്ടിടങ്ങൾക്ക് യു എ നം. നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യു.എ നമ്പർ | ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം(ച.മീ) | നിർണ്ണയിച്ച വാർഷിക വസ്തുനികുതി |
|---|---|---|---|
| UA/05/02 /15-16 | ശ്രീ.വിജയേന്ദ്രകുമാർ, മലമ്പള്ളിയിൽ ഹൗസ് കല്ലുവഴി | 85.08, പാർപ്പിടം | 483 |
| UA/08/10 /15-16 | ശ്രീ അയൂബ് കോണിക്കൽ ഹൗസ്, മുന്നൂർക്കോട് | 86.03, പാർപ്പിടം | 650 |
| UA/11/13 /16-17 | സുനു, കിഴങ്ങിൻതൊടി, മുന്നൂർക്കോട് | 65.62, വാണിജ്യം | 1119 |

ആകെ 23 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിലുള്ളത്. യു എ നമ്പർ നൽകി നികുതി നിർണ്ണയിച്ച വർഷം മുതൽ തുടർ വർഷങ്ങളിലേക്ക് കെട്ടിട ഉടമകളിൽനിന്നും തുക ഈടാക്കിയതിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസസ്സ്മെന്റ് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ക്രമ നം.1 -ലെ നികുതിയുടെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. നികുതി നിർണ്ണയം ഉറപ്പുവരുത്തി നികുതിയിനത്തിൽ ഈടാക്കുവാൻ ശേഷിക്കുന്ന തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം 21/22.11.21 നൽകിയതിന് നിയമാനുസൃതമുള്ള നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. യു എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിക്കുകയോ ക്രമവത്ക്കരിക്കാൻ കഴിയാത്തവയുടെ കാര്യത്തിൽ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

2. അനധികൃത നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമായി ബന്ധപ്പെട്ട് 19.05.2014 ലെ 29342/ആർ.എ.1/2014/തസ്വഭവ സർക്കുലർ പാലിച്ച് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും കൃത്യമായി ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-18 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ

വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

എന്നാൽ മേൽവിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ് മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു.

വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/19.11.21 -ന് നികുതിനിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുന്നതാണെന്നും മറുപടി ലഭ്യമാക്കി.

നിർദേശം

നികുതിനിരക്ക് നിശ്ചയിക്കാത്ത ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും കെട്ടിടങ്ങളെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതു മൂലം ഉണ്ടായേക്കാവുന്ന നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-19 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം ഉറപ്പുവരുത്തേണ്ടതാണ്

പ്രോജക്റ്റ് നം - 81/21

പ്രോജക്റ്റ് - ക്ഷീരകർഷകർക്ക് ഇൻസെന്റീവ്

നിർവഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 300000 (വികസനഫണ്ട് ജനറൽ)

- 50000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 350000 (വികസനഫണ്ട് ജനറൽ)

(ബിൽ നം. 1/20-21/21.10.20-75384

ബിൽ നം. 2/20-21/21.10.20- 91633

ബിൽ നം.3/20-21/21.10.20-132983)

- 50000 (ജില്ലാ പഞ്ചായത്ത് വിഹിതം)

(ബിൽ നം.4/20-21/30.03.21- 16923 ബിൽ നം.5/20- 21/30.03.21- 22657 ബിൽ നം.6 21/30.03.21 -10420)

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള മുന്നൂർക്കോട്, കാട്ടുകുളം, കല്ലുവഴി എന്നീ മൂന്നു ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ആകെ 3,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് പരമാവധി 4 രൂപ (ഡിപ്പാർട്ട് മെന്റ് സബ്സിഡി അനുവദിക്കുന്ന മാസങ്ങളിൽ മൂന്നുരൂപ മാത്രം) തോതിൽ 2020 ഏപ്രിൽ മാസം മുതൽ 2021 മാർച്ച് മാസം വരെയുള്ള ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് 2020 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലേക്കും ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് 2020 ഒക്ടോബറിലെ 25 ദിവസ കാലയളവിലേക്കുള്ള ഇൻസെന്റീവുമാണ് നൽകിയിരിക്കുന്നത്.

സ.ഉ (കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായി പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല. പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം യഥാസമയം ലഭിക്കത്തക്ക വിധം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം കൂടി ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (12/19.11.21) നൽകിയതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം ആവശ്യമായ തുക വകയിരുത്തുവാൻ കഴിഞ്ഞില്ലെന്നും വരും വർഷങ്ങളിൽ മതിയായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

1-20 കടുങ്ങൻചിറ അംഗൻവാടി നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി (168/20) പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തും സംയുക്തമായി നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് ആണ് കടുങ്ങൻചിറ അംഗൻവാടി . ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായ 7,00,000/- രൂപ പദ്ധതി നിർവ്വഹണം നടത്തുന്ന പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലേക്ക് (നം.799011400000486) 07.02.2020 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | കടുങ്ങൻചിറ അംഗൻവാടി നിർമ്മാണം |

| | |
|---|---|
| ഭരണാനുമതി | 5(1)/ 28.04.2020 -1376853 രൂപ |
| സാങ്കേതിക അനുമതി | AE/MNREGS/PKV/GP /15/28.04.2020-1376853 രൂപ |
| അളവ് പുസ്തകം | 01/20-21 ,41/20-21 |
| അവസാനമായി ചെക്ക് മെഷർമെന്റ് നടത്തിയത് | 29.03.2021 (AEE ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്) |

അളവ് പുസ്തക പ്രകാരം 3 പാർട്ട് ബില്ലുകളായി നാളിതുവരെ 463709.39 രൂപയുടെ പ്രവൃത്തി നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പാർട്ട് ബിൽ | പ്രവൃത്തി മൂല്യം | അവിദഗ്ധ തൊഴിലാളി കളുടെ വേതനം | വിദഗ്ധ / അർദ്ധ വിദഗ്ധ തൊഴിലാളി കളുടെ വേതനം | മെറ്റീരിയ ൽസ് തുക |
|---|---|---|---|---|
| 1 | 143159 | 18352 | 23230 | 82074 |
| 2 | 137638.39 | 12513 | 25680 | 96855 |
| 3 | 182912 | 21312 | 20952 | 97904 |
| ആകെ | 463709.39 | 52177 | 69862 | 276833 |

അളവ് പുസ്തക പ്രകാരം കെട്ടിടത്തിന്റെ മെയിൻ വാർപ്പ് വരെ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തത് ശ്രീകുമാർ, വില്ലംകണ്ടത്തിൽ, കല്ലുവഴി തിരുവാഴിയോട് (GSTIN NO :32BLRPS 5126C1Z4) ആണ്. ജി.ഓ.(എം.എസ്) 93/2012.ത.സ്വ.ഭ.വ.തീയതി.31.03.2012 പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തികളിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും, വിനിയോഗവും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതായി ടിയാന്റെ ലെറ്റർപാഡിൽ അളവ്, തുക എന്നിവ രേഖപ്പെടുത്തി സമർപ്പിക്കുകയും, ആയതു പ്രകാരം ടിയാന് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. GST രജിസ്ട്രേഷൻ ഉള്ള വ്യക്തി GST ബാധകമായ സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകേണ്ടതാണ്. ടിയാനിൽനിന്നും ആദായ നികുതി (@1%)വും, ചരക്ക് സേവന നികുതി 2% വും (1% CGST +1% SGST) എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായികാണുന്നില്ല. അംഗീകൃ ക്യാഷ് ബിൽ ഇല്ലാതെ സാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല.

18.11.2021 ന് തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ്, LSGD ഓവർസീയർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ ഭിത്തി, മേൽക്കൂര, സ്ലാബുകൾ, അടിത്തറ എന്നിവ ഉൾപ്പെടെ എല്ലാ ഭാഗങ്ങളുടെയും സിമന്റ് പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പൂർത്തിയായതായും, ജനലുകൾ, വാതിലുകൾ എന്നിവ സ്ഥാപിച്ചതായും കാണപ്പെട്ടു. പ്രസ്തുത പ്രവൃത്തി ഇനങ്ങൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച മസ്ററർ റോൾ, തൊഴിലാളികളുടെ വിവരങ്ങൾ (ആരൊക്കെ, എത്ര ദിവസങ്ങൾ, ഏത് തരം പ്രവൃത്തി) എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തൊഴിലാളികൾക്ക് ടി ഇനങ്ങൾക്ക് കൂലി നൽകിയതായും കാണുന്നില്ല.

2005 ലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നിയമം വകുപ്പ് 8 പ്രകാരം തൊഴിലാളികൾക്ക് വിജ്ഞാപനം ചെയ്ത നിരക്കിൽ ഉള്ള കൂലി ലഭിക്കുന്നതിനുള്ള അവകാശവും, വകുപ്പ് 9 പ്രകാരം 15 ദിവസത്തിനകം വേതനം ലഭിച്ചിട്ടില്ലെങ്കിൽ നഷ്ടപരിഹാരത്തിനും അർഹതയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് 3 ദിവസം മുൻപ് M.I.S മുഖാന്തിരം പ്രവൃത്തി സ്ഥലത്തേക്ക് നിശ്ചയിച്ചിട്ടുള്ള തൊഴിലാളികളുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഇ-മസ്റ്റർ റോൾ മേറ്റിന് കൈമാറണമെന്നിരിക്കെ ഇ-മസ്റ്റർ റോൾ ഇല്ലാതെ പ്രവൃത്തി നിർവ്വഹിച്ചത് ക്രമ വിരുദ്ധമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.13/19.11.2021) 2020-21 വർഷത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന ഉദ്ദേശത്തോടെ 2021 മാർച്ചിൽ തന്നെ കരാറുകാരന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരുന്നു. 2021-22 വർഷത്തിൽ മെറ്റീരിയൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചുവെങ്കിലും മെറ്റീരിയലുകൾ ലഭിക്കുന്നതിന് കാലതാമസം വന്നു. കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 06.11.2021 ന് മസ്റ്റർ റോൾ ജനറേറ്റ് ചെയ്യുകയും 08.11.2021 ന് പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ ആരംഭിക്കുകയും 14.11.2021 ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അവിദഗ്ധ / അർദ്ധ അവിദഗ്ധ തൊഴിലാളികൾക്ക് വേതനം സമയ ബന്ധിതമായി നൽകുന്നതാണെന്നും, പ്രവൃത്തി ഇ- മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, പ്രവൃത്തിയുടെ മസ്റ്റർ റോൾ വൗച്ചറിനോടൊപ്പം സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* സാധനങ്ങൾക്ക് അംഗീകൃത ക്യാഷ് ബിൽ നിർബന്ധമാക്കേണ്ടതാണ്.

* കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

* തൊഴിലാളികൾക്ക് സമയ ബന്ധിതമായി വേതനം നൽകേണ്ടതാണ്.

* പ്രവൃത്തി നടക്കുന്ന സമയത്തുതന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.

## 1-21 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാനുവലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പരും പേരും: SO - 90/21- പാലപ്രക്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി

അടങ്കൽ: - 40000, പദ്ധതി ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്: Rs. 18814 ബിൽ നം.58/20-21/ 26-2-2021

കരാർ നം.23/2019-2020/AE/LSGD/PKV/17-10-2019, (PAC): 39317, കരാറുകാരൻ: ശ്രീകുമാർ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 16-4-2020

സ്ഥലം കൈമാറിയ തീയ്യതി. 17-10-2019

പൂർത്തീകരിച്ച തീയ്യതി: 23-7-2020 , അളവ് പുസ്തകം: 93/18-19

ആകെ പ്രവൃത്തി മൂല്യം: 18814

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 3000

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 3000

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ ഈടാക്കേണ്ട തുക 3,000/-രൂപ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

1-22 കുടിവെള്ള പദ്ധതിയിൽ സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

വള്ളിക്കാട് കുടിവെള്ള പദ്ധതിയിൽ സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല. പഴയ മോട്ടോർ ഉപയോഗപ്പെടുത്തുകയോ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 152/21- വള്ളിക്കാട് കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 225000, പദ്ധതി ഫണ്ട് (എസ്.സി.പി) |
| എഗ്രിമെന്റ് നം,തീയ്യതി | 30/2020-21/AE/LSGD /PKV/11-11-2019 |
| കരാറുകാരൻ | കെ.ജി. മോഹൻകുമാർ |
| പ്രവൃത്തി മൂല്യം | 225000 |
| എം.ബുക്ക് | 85/18-19 |
| ബിൽ നം.തീയ്യതി, തുക | 12/20-21/ 23-4-2020/ Rs. 100268<br>29/20-21/ 16-9-2020/ Rs. 124732 |

--- മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന കുഴൽക്കിണറിൽ വെള്ളമില്ലാതെ ആയതിനെത്തുടർന്ന് പുതിയ കുഴൽക്കിണർ കുഴിച്ചിട്ടുണ്ട്. എന്നാൽ ഇതിന് മുന്നോടിയായി സൈറ്റ്

ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല.

----ടി പ്രോജക്ടിൽ പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ ഉപയോഗപ്പെടുത്തുകയോ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് ആണ് ഇൻവെസ്റ്റിഗേഷൻ തുക അടച്ചതെന്നും റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള റിപ്പോർട്ട് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
മേൽസൂചിപ്പിച്ച കാരണങ്ങളാൽ ചെലവ് തുക 2,25,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 കുറഞ്ഞ തുകയ്ക്കുള്ള അടങ്കൽ തയ്യാറാക്കി കുടിവെള്ള പദ്ധതിയിലെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നു.

ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ള പാലപ്രക്കുന്ന് കുടിവെള്ള പദ്ധതിയിൽ വളരെ കുറഞ്ഞ തുകയ്ക്കുള്ള റിപ്പയർ പ്രവൃത്തികൾ നടത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 90/21- പാലപ്രക്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ അറ്റകുറ്റപ്പണി |
| അടങ്കൽ, ഫണ്ട് ഇനം | 40000, പദ്ധതി ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 23/2019-2020/AE/LSGD /PKV/17-10-2019 |
| കരാറുകാരൻ | ശ്രീകുമാർ |
| പ്രവൃത്തി മൂല്യം | 18814 |
| എം.ബുക്ക് | 93/18-19 |
| ബിൽ നം.തീയ്യതി, തുക | 58/20-21/ 26-2-2021/ Rs. 18814 |

ടി പ്രോജക്ടിന്റെ അടങ്കൽ 40,000/-രൂപ മാത്രമാണ്. ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ള പ്രോജക്ടുകളിൽ 50,000/- രൂപയ്ക്ക് മുകളിൽ വരുന്ന അറ്റകുറ്റപ്പണികൾ മാത്രമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാൻ പാടുള്ളൂ. ഇതിൽ താഴെവരുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി തന്നെ ചെയ്യണമെന്ന് സ. ഉ. (കൈ) നം. 22/2018 /ത. സ്വ. ഭ. വ, തീയ്യതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന പി.വി.സി. പൈപ്പ് ഇടൽ ഇനങ്ങളിൽ വളരെക്കുറച്ച് മാത്രം ഉൾപ്പെടുത്തി 18,814/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കുകയും വെറും 18,814/- രൂപയുടെ പ്രവൃത്തി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇപ്രകാരം വളരെക്കുറഞ്ഞ തുകയ്ക്കുള്ള എസ്റ്റിമേറ്റ് ഉണ്ടാക്കുകയും പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/20-11-2021) ഡി.പി.സി അംഗീകാരം ലഭിച്ചതിനാലാണ് പ്രോജക്ട് നിർവ്വഹിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുരുമ്പിന്റെ അംശം വരുന്നതിനാൽ ജി.ഐ പൈപ്പ് ഒഴിവാക്കി എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കുടിവെള്ള പദ്ധതികളിൽ പുതിയ മോട്ടോർ സ്ഥാപിച്ചു എങ്കിലും പഴയ മോട്ടോർ തിരികെ ഏൽപ്പിച്ചിട്ടില്ല.

താഴെസൂചിപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട് . എന്നാൽ നിലവിലുണ്ടായിരുന്ന മോട്ടോർ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചിട്ടില്ല.

1) കല്ലുവഴി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 34/21- കല്ലുവഴി ലക്ഷം വീട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് ഇനം | 60000, പദ്ധതി ഫണ്ട് (എസ്.സി.പി) |
| എഗ്രിമെന്റ് നം, തീയ്യതി | 23/2020-21/AE/LSGD/PKV/29-9-2020 |
| കരാറുകാരൻ | എം.എം.ജോൺ |
| പ്രവൃത്തി മൂല്യം | 44856 |
| എം.ബുക്ക് | 19/20-21 |
| ബിൽ നം. തീയ്യതി, തുക | 60/20-21/ 26-2-2021/ Rs. 44856 |

--- മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ പ്രവർത്തനരഹിതമായതിനെത്തുടർന്ന് പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിച്ചിട്ടില്ല.

--- ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ കിണറിന് ഇരുമ്പ് വല ഇടുന്നതിനായി ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഇനം പ്രവൃത്തി ചെയ്തിട്ടില്ല. പക്ഷേ 18-11-2021 ൽ നടന്ന സ്ഥല പരിശോധനയിൽ ഈ കിണറിന് ഇരുമ്പ് വല ഇട്ടതായി കാണുന്നുണ്ട്. ആയതിനാൽ പ്രവൃത്തിനിർവ്വഹിച്ച ഇനം വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് ക്രമപ്രകാരമല്ല. സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച കാര്യങ്ങൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 44,856/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2) പൂളയ്ക്കപ്പറമ്പ് കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 26/21- പൂളക്കപ്പറമ്പ് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് ഇനം | 90000, പദ്ധതി ഫണ്ട് (എസ്.സി.പി) |
| എഗ്രിമെന്റ് നം, തീയ്യതി | 32/2020-21/AE/LSGD /PKV/29-9-2020 |
| കരാറുകാരൻ | ശ്രീകുമാർ |
| പ്രവൃത്തി മൂല്യം | 90000 |
| എം.ബുക്ക് | 06/21 |
| ബിൽ നം. തീയ്യതി, തുക | 69/20-21/ 30-3-2021/ Rs. 90000 |

--- മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന മോട്ടോർ പ്രവർത്തനരഹിതമായതിനെത്തുടർന്ന് പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിച്ചിട്ടില്ല.

--- ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ കിണറിന് ഇരുമ്പ് വല ഇടുന്നതിനായി ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഇനം പ്രവൃത്തി ചെയ്തിട്ടില്ല. പക്ഷേ 18-11-2021 ൽ നടന്ന സ്ഥല പരിശോധനയിൽ ഈ

കിണറിന് ഇരുമ്പ് വല ഇട്ടതായി കാണുന്നുണ്ട്. ആയതിനാൽ പ്രവൃത്തിനിർവ്വഹിച്ച ഇനം വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് ക്രമപ്രകാരമല്ല.

--- കിണർ ഇരിക്കുന്ന സ്ഥലം ഗ്രമാപഞ്ചായത്തിലേക്ക് വിട്ടുനൽകിയ രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന സമയത്ത് കിണറിന് വല ഇല്ലായിരുന്നു എന്നും പിന്നീട് കമ്മിറ്റിക്കാർ വല ഇട്ടതിനാലാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആയത് ഒഴിവാക്കിയത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ സ്ഥലപരിശോധനയിൽ ഈ വല വളരെ പഴക്കം ഉള്ളതായിട്ടാണ് കാണപ്പെടുന്നത്. ആയതിനാൽ എസ്റ്റിമേറ്റ് എടുത്തതിന് ശേഷമാണ് ഇത് ഇട്ടത് എന്നത് അംഗീകരിക്കുന്നില്ല.

മേൽസൂചിപ്പിച്ച കാര്യങ്ങൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 90,000/- രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ആയതിനാൽ മേൽസൂചിപ്പിച്ച രണ്ടു പ്രവൃത്തികളുടെയും ആകെ ചെലവ് തുക 1,34,856/- രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 സമഗ്രനെൽകൃഷി വികസനം രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയിയിട്ടുള്ള സമഗ്രനെൽകൃഷി വികസനം (പ്രോജക്ട് നം 164/ 21) എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 144412 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 438750 |
| ആകെ. | 583162 |

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽസൂചിപ്പിച്ച ചെലവുകളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായതിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഏതൊക്കെ പാടശേഖരസമിതിയിലെ കർഷകർക്ക് വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വിതരണം ചെയ്ത വിത്തിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 24/23-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതം ചെലവ് തുക 4,38,750/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ

സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 98/21- പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ സെന്റർ 149789 ബിൽ നം.- 70/30-3-2021- 150000/- | 28-8-2020 | 29-8-2020 | 46/AE/LSGD /pkv/12-10-2020 ശ്രീകുമാരൻ | 1498 | 0 | 1498 |
| ആകെ കുറവ് | | | | | | | 1498 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് (രസീതി നം.121130101562/22-11-2021) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1-27 റോഡ് കോൺക്രീറ്റ് - നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല

കൊറ്റിയോട് റോഡ് കോൺക്രീറ്റ് - നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 10/21- കൊറ്റിയോട് റോഡ് കോൺക്രീറ്റ് |
| അടങ്കൽ, ഫണ്ട് ഇനം | 450000, പദ്ധതി ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 5/2020-21/AE/LSGD /PKV/28-5-2020 |
| കരാറുകാരൻ | കെ.ജി. സോമസുന്ദരൻ |
| പ്രവൃത്തി മൂല്യം | 450000 |
| എം.ബുക്ക് | 14/20 |
| ബിൽ നം.തീയ്യതി, തുക | 57/20-21/ 26-2-2021/ Rs. 450000 |

--- ടി റോഡിൽ നെയിംബോർഡ് സ്ഥാപിക്കുന്നതിനായി ഇനം നം. 4 ആയി ഉൾപ്പെടുത്തുകയും ആയതിന് 2,600/- രൂപ ചെലവ് ചെയ്തിട്ടുമുണ്ട്. എന്നാൽ ടി ഇനം പ്രവൃത്തി ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/20-11-2021) ലഭ്യമാക്കിയ മറുപടിയിൽ ടി

തുക രസീതി നം. 121130101563/ 22-11-2021 പ്രകാരം അടച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

1-28 ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച താഴെ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | SO134/20-21 |
| പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. |
| അടങ്കൽ | 50,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 81/20-21 /25/03/21 | 50,000/- |

വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി വഴികളിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനായി KSEB യുടെ 3 ഇലക്ട്രിക്ക് സെക്ഷൻ ഓഫീസുകളിലേക്ക് താഴെ പറയുന്ന പ്രകാരം നിക്ഷേപ പ്രവൃത്തിക്കായി തുക നൽകിയിട്ടുണ്ട്:

| ക്രമ നം. | സെക്ഷൻ ഓഫീസ് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 01 | KSEB ശ്രീകൃഷ്ണപുരം | 57047314794 | 12,896/- |
| 02 | KSEB കോതാക്കറിശ്ശി | 57008295164 | 23,733/- |
| 03 | KSEB അമ്പലപ്പാറ | 57061185793 | 13,371/- |
| | | ആകെ | 50,000/- |

2)പ്രോജക്റ്റിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | SO155/20-21 |
| പേര് | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. |
| അടങ്കൽ | 5,11,772/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 85/20-21 /31/03/21 | 5,11,772/- |

പ്രസ്തുത പദ്ധതി വിഹിതം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലിനായി ശ്രീകൃഷ്ണപുരം KSEB ഓഫീസിലെ 57047314794 എന്ന അക്കൗണ്ടിലേക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്. വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | SO135/20-21 |
| പേര് | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ രണ്ടാം ഘട്ടം. |

| | |
|---|---|
| അടങ്കൽ | 38,057/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 86/20-21 /31/03/21 | 15,993/- |

വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനായി ശ്രീകൃഷ്ണപുരം KSEB യിലെ 57047314794 എന്ന അക്കൗണ്ട് നമ്പറിലേക്ക് പദ്ധതി വിഹിതമായ 15,993/- രൂപ പഞ്ചായത്ത് സെക്രട്ടറി കൈമാറിയിട്ടുണ്ട്.

4)പ്രോജക്റ്റിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | SO100/20-21 |
| പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. |
| അടങ്കൽ | 50,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 80/20-21 /25/03/21 | 50,000/- |

വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി വഴികളിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനായി ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസിന്റെ 57047314794 എന്ന അക്കൗണ്ട് നമ്പറിലേക്ക് IFSC മുഖേന പഞ്ചായത്ത് സെക്രട്ടറി 50,000/- രൂപ കൈമാറിയിട്ടുണ്ട്.

നിക്ഷേപ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നൽകിയ പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാനായി 20.11.2021 ലെ. അന്വേഷണ നം.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

1) പ്രോജക്റ്റിന്റെ വിശദാംശങ്ങൾ :

1- 29 MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലൈയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. ആദായ നികുതി നിയമം 194 സി പ്രകാരം 30000 രൂപയിൽ കൂടുതൽ വരുന്ന കരാർ പ്രവർത്തികൾക്ക് സപ്ലൈയർ / കരാറുകാരിൽ നിന്ന് ആദായ നികുതി (@1%) ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ

പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം (കരാർ നം.01/20-21 തീ.19.06.2020) സിമന്റ്, കമ്പി, മെറ്റൽ, എം സാന്റ്, മണൽ എന്നീ സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീകുമാർ, വില്ലംകണ്ടത്തിൽ, കല്ലുവഴി, തിരുവാഴിയോട് (GSTIN NO :32BLRPS 5126C1Z4) വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതായി ടിയാന്റെ ലെറ്റർപാഡിൽ അളവ്, തുക എന്നിവ രേഖപ്പെടുത്തി സമർപ്പിക്കുകയും, ആയതു പ്രകാരം ടിയാന് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. GST രജിസ്ട്രേഷൻ ഉള്ള വ്യക്തി GST ബാധകമായ സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകേണ്ടതാണ്. ടിയാനിൽനിന്നും ആദായ നികുതി (@1%)വും, ചരക്ക് സേവന നികുതി 2% വും (1% CGST +1% SGST) എന്നിവ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായികാണുന്നില്ല. (രണ്ടര ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് | മെറ്റീരിയൽസ്- തുക |
|---|---|---|
| ഇടതൊടി റോഡ് കോൺക്രീറ്റ് | 80/20-21 | 118291 |
| കോവിൽ മുതൽ ചൊവ്വക്കാവ് റോഡ് കോൺക്രീറ്റ് | 45/20-21 | 389047 |
| കളത്തിൽപടി റോഡ് കോൺക്രീറ്റ് | 83/20-21 | 235530 |
| കനാൽ ബണ്ട് മുതൽ മാക്കോട്ടുകുന്ന് വരെ റോഡ് കോൺക്രീറ്റ് | 92/20-21 | 306681 |
| കാളിക്കാവ് റോഡ് കോൺക്രീറ്റ് | 98/20-21 | 389047 |
| കോഴിയങ്ങാട്ടിൽ റോഡ് കോൺക്രീറ്റ് | 71/20-21 | 79861 |
| വടക്കുമുറി കനാൽ റോഡ് കോൺക്രീറ്റ് | 127/20-21 | 389181 |
| പുതുക്കുഴി പാലം മുതൽ ഒടാട്ടിൽ കനാൽ റോഡ് കോൺക്രീറ്റ് | 68/20-21 | 389181 |
| കട്ടുങ്ങൻചിറ അംഗനവാടി നിർമ്മാണം | 01/20-21 | 76389 |
| കട്ടുങ്ങൻചിറ അംഗനവാടി നിർമ്മാണം | 41/20-21 | 88230 |
| കട്ടുങ്ങൻചിറ അംഗനവാടി നിർമ്മാണം | 41/20-21 | 90834 |
| കാട്ടുകുളം താനിക്കുന്ന്-കടമ്പൂർ റോഡ് കോൺക്രീറ്റ് | 108/20-21 | 389047 |
| കനാൽ ബണ്ട് മുതൽ പകരാവൂർ ശിവക്ഷേത്രം റോഡ് കോൺക്രീറ്റ് | 110/20-21 | 214676 |
| കരിഞ്ചിറ്റി റോഡ് കോൺക്രീറ്റ് | 107/20-21 | 388258 |
| കുളക്കാട് മുതൽ കനാൽ ബണ്ട് റോഡ് കോൺക്രീറ്റ് | 111/20-21 | 170339 |
| പൂളക്ക പറമ്പ് പുത്തൻകുളം റോഡ് കോൺക്രീറ്റ് | 19/20-21 | 389923 |
| പുഞ്ചപ്പാടം റോഡ് കോൺക്രീറ്റ് | 58/20-21 | 315443 |
| കുന്നംകോട്ടിൽ റോഡ് കോൺക്രീറ്റ് | 109/20-21 | 387206 |
| വട്ടപറമ്പിൽ റോഡ് കോൺക്രീറ്റ് | 90/19-20 | 358219 |
| പാലംകുന്ന് റോഡ് കോൺക്രീറ്റ് | 98/19-20 | 179109 |

| | | |
|---|---|---|
| കൂട്ട കാഞ്ഞിരം റോഡ് കോൺക്രീറ്റ് | 97/19-20 | 186573 |
| കടുങ്ഹൻ ചിറ കുളം മുതൽ അംഗനവാടി വരെ റോഡ് കോൺക്രീറ്റ് | 91/19-20 | 358219 |
| ശ്രീ കുറുംബ റോഡ് കോൺക്രീറ്റ് | 21/19-20 | 199011 |
| | ആകെ | 6088295 രൂപ |
| ഈടാക്കേണ്ടിയിരുന്ന നികുതി | CGST | 60883 രൂപ |
| | SGST | 60883 രൂപ |
| | ആകെ | 121766 രൂപ |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി @1% | | 60883 രൂപ |

ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ കുറവ് ചെയ്യാത്തതിനും, പ്രവൃത്തികൾക്ക്, അംഗീകൃത ക്യാഷ് ബിൽ ഇല്ലാതെ തുക നൽകിയതിനും, വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/15.11.2021) കരാറുകാരൻ ജി.എസ്.ടി അടവാക്കിയ റിട്ടേണുകളുടെ പകർപ്പ് ഹാജരാക്കുകയും, സാധനങ്ങളുടെ ക്യാഷ് ബിൽ ഒരുമിച്ച് സൂക്ഷിച്ചതിനാൽ ഓരോ ഫയലിലും വെക്കാൻ വിട്ടുപോയതാണെന്നും, ടിയാനിൽനിന്ന് ആദായ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും, തുടർ വർഷങ്ങളിൽ പ്രവൃത്തികളുടെ ബിൽ നൽകുമ്പോൾ സ്രോതസിൽനിന്നുതന്നെ നികുതികൾ കുറവ് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* സാധനങ്ങൾക്ക് അംഗീകൃത ക്യാഷ് ബിൽ നിർബന്ധമാക്കേണ്ടതാണ്.

1-30 കലിംഗ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തും, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നിർവ്വഹണം നടത്തുന്ന പ്രോജക്ട് ആണ് പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ കലിംഗ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 181/2021- കലിംഗ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം- |
| അടങ്കൽ | 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 300000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/തുക | 83/2021 തീ 22.03.2021- 300000 |

പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹ 3,00,000 രൂപ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/18.11.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത്

ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

1-31 നല്ല ഭൂമി അഞ്ചാം ഘട്ടാം.

സമ്പൂർണ്ണ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിതസഹായ സ്ഥാപനമായ ഐ.ആർ.ടി.സി.യുടെ നേതൃത്ത്വത്തിൽ പഞ്ചായത്തിലെ 13 വാർഡുകളിലും ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ച് മാലിന്യ സംസ്കണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. IRTC യുടെ സാങ്കേതിക സഹായത്തോടെ 13 അംഗ ഹരിത കർമ്മസേനകളാണ് പഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ പ്രവർത്തിക്കുന്നത്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി SO26/19-20 പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 5,48,378/- രൂപ അടങ്കലായി വകയിരുത്തി നല്ല ഭൂമി നാലാം ഘട്ടം എന്ന പദ്ധതി നിർവ്വഹണത്തിനായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം.തീയതി | ചെലവ് |
|---|---|
| 19/20-21/30.09.2019 | 44084 |
| 26/20-21/17/10/19 | 30880 |
| 28/20-21/13/12/2019 | 50180 |
| 36/20-21/10/02/2020 | 7576 |
| 37/20-21/10/2/2020 | 66126 |
| 38/20-21/10/2/2020 | 50180 |
| 41/20-21/25/02/2020 | 25090 |
| 48/20-21/18/03/2020 | 4290 |
| 49/20-21/18/03/2020 | 25090 |
| ആകെ | 303496 |

പഞ്ചായത്തിൽ നല്ല ഭൂമി അഞ്ചാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | SO0170/20-21 |
| പേര് | നല്ല ഭൂമി അഞ്ചാം ഘട്ടം |
| അടങ്കൽ | 5,40,000/-(ധന കാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | ചെലവ് |
| 19/20-21/18/08/2020 | 25,090/- |
| 20/20-21/18/08/2020 | 25,090/- |
| 21/20-21/18/08/2020 | 3575/- |
| 27/20-21/7/9/2020 | 44084/- |
| 32/20-21/25/9/2020 | 25090/- |
| 35/20-21/30/09/2020 | 22042/- |
| 39/20-21/20/06/2020 | 9,000/- |

| | |
|---|---|
| 40/20-21/20/10/2020 | 25090/- |
| 45/20-21/17/11/2020 | 22042/- |
| 46/20-21/17/11/2020 | 25090/- |
| 50/20-21/22/12/2020 | 22042/- |
| 52/20-21/22/12/2020 | 25090/- |
| 54/20-21/22/12/2020 | 9000/- |
| 62/20-21/19/01/2021 | 22042/- |
| 63/20-21/19/01/2021 | 25090/- |
| 66/20-21/22/01/2021 | 9,000/- |
| 73/20-21/22/02/2021 | 25,090/- |
| 75/20-21/22/02/2021 | 44084/- |
| 77/20-21/15/03/2021 | 25090/- |
| 78/20-21/15/03/2021 | 12,500/- |
| 79/20-21/25/03/2021 | 22,042/- |
| ആകെ | 467263/- |

യൂസർ ഫീയും, V.G.F. ലൂടെ ലഭ്യമായ തുകയും, മാലിന്യം സംസ്കരിച്ച് ലഭ്യമാവുന്ന തുകയും ആനുപാതികമായി ഹരിത കർമ്മ സേന അംഗങ്ങൾക്കായി നൽകി വരുന്നുണ്ട്.

യൂസർ ഫീ

പഞ്ചായത്ത് പരിധിയിലുള്ള വീടുകളിൽ നിന്നും യൂസർ ഫീയായി 50 രൂപയും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും വാങ്ങി വരുന്നുണ്ട്. 2020-2021 സാമ്പത്തിക വർഷത്തിൽ യൂസർ ഫീ ഇനത്തിൽ മൊത്തം 1,83,163/- രൂപ ലഭ്യമായിട്ടുണ്ട്. പിരിച്ചെടുക്കുന്ന തുക രജിസ്റ്ററിൽ ചേർത്ത് ഹരിത കർമ്മ സേനയുടെ പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ച് വരുന്നു.

വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

യൂസർ ഫീ മാത്രം ശേഖരിച്ച് ഹരിത കർമ്മ സേന പ്രവർത്തനം സുഗമമായി നിർവ്വഹിക്കുവാൻ സാധ്യമല്ലാത്തതിനാൽ 25.03.2019 ലെ സ.ഉ.(സാധാ) നം.703/2019/ത.സ്വ.ഭ.വ പ്രകാരം മാലിന്യ സംസ്കരണത്തിനുള്ള പ്ലാൻ ഫണ്ടിൽ നിന്നും നീക്കി വയ്ക്കുന്ന തുകയിൽ 2020-2021 സാമ്പത്തിക വർഷത്തിൽ 6 മാസത്തേക്ക് മാത്രമായി വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി വാർഡ് ഒന്നിന് 11,600/- രൂപ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്.

ഗതാഗതം

പൂക്കോട്ട്കാവ് ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിന്റെ 13 ാം വാർഡിലുള്ള MCF ൽ വാഹനത്തിൽ എത്തിക്കുന്നുണ്ട്.

ഒരു അംഗത്തിന് 3,860/- രൂപ നിരക്കിൽ 13 കർമ്മസേന അംഗങ്ങൾക്ക് 50,180/- രൂപ ആദ്യത്തെ 6 മാസവും, അടുത്ത 6 മാസം വാഹന വാടകയിനത്തിൽ 1,930/- രൂപ 13 കർമ്മസേന അംഗങ്ങൾക്കായി 25,090/- രൂപയും നല്കിയിട്ടുണ്ട്.

കൺസൾട്ടൻസി ഫീ

മുണ്ടൂരിലെ IRTC ഹരിത സഹായ സ്ഥാപനത്തിലെക്ക് പ്രതിമാസം 22,042/- രൂപ നിരക്കിൽ കൺസൾട്ടൻസി ഫീസായി നൽകി വരുന്നുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ

പഞ്ചായത്തിന്റെ 13 ാം വാർഡിൽ MCF 2019 ൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് മിനി MCF ൽ എത്തിച്ചതിന് ശേഷം MCF ൽ എത്തിക്കുകയും ചെയ്തു വരുന്നു. ഇവ എത്തിക്കുവാനായി ബിൽ നം. ഒരു അംഗത്തിന് 1,930/- രൂപ എന്ന നിരക്കിൽ 13 കർമ്മസേന അംഗങ്ങൾക്ക് 25,090/- രൂപ വേതനമായി നൽകി വരുന്നുമുണ്ട്. ബെയ്ലിംഗിന് ശേഷം MCF ൽ നിന്നും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കോഴിക്കോട് MRM എന്ന സ്ഥാപനത്തിന് സംസ്കരിച്ച മാലിന്യം കൈമാറി വരുന്നുമുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക്ക് ബാഗുകൾ മാത്രമേ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഉപയോഗിക്കാവൂ.

2)ബദൽ സംവിധാനമായി തുണി സഞ്ചികളുടെ ഉപയോഗം വ്യാപകമായി പ്രൊതസാഹിപ്പിക്കുവാനുള്ള നടപടികൾ സ്വീകിക്കേണ്ടതാണ്.

3)വില്പന സാധനങ്ങൾ പ്ലാസ്റ്റിക്ക് ബാഗുകളിലൂടെ വിതണം ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങൾ അതാത് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.

4)പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി ഒരു മാസം കുറഞ്ഞത് 4,000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48,000/- രൂപ വരെ ഉത്തരവ്/വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച് ഈടാക്കാവുന്നതാണ്.

5)ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസക്കരിക്കേണ്ടതാണ്. മറ്റ് സാഹചര്യത്തിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ എന്നീ രീതികൾ അവലംബിച്ച് ഉറവിട മാലിന്യ സംസ്കരണം നടത്തേണ്ടതാണ്.

6)ജൈവ കമ്പോസ്റ്റിഗ്, ബയോഗ്യാസ് എന്നിവയിൽ ഏതാണ് പ്രായോഗികം എന്ന് വിലയിരുത്തി വീടുകളിലെ മാലിന്യ സംസ്കരണം സജ്ജീകരിക്കേണ്ടതാണ്.

7)പഞ്ചായത്ത് തലങ്ങളിൽ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന: ചംക്രമണം നടത്തേണ്ടതാണ്.

8)ചന്തകൾ, അറവ് ശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവടങ്ങളിൽ മാലിന്യ സംസ്കരണ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

9)ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കി സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യം ജൈവ കൃഷിക്ക് വളമായി മാറ്റി വീടുകളിൽ കൃഷി വ്യാപകമാക്കാവുന്നതാണ്.

10)മാലിന്യം കുറയ്ക്കുക, വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, പുന:ചംക്രമണം ഉറപ്പാക്കുക എന്നിവയ്ക്കായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.

11)ശുചിത്വ-മാലിന്യ സംസ്കണ മേഖലയിലെ നിയമങ്ങൾക്കനുസൃതമായി ശാസ്ത്രീയ മാലിന്യ സംസ്കണം ജന പങ്കാളിത്തത്തോട് കൂടി ഉറപ്പാക്കുക.

നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-32 ആനുകൂല്യം പൂർണ്ണമായി നൽകിയിട്ടില്ല

2020-2021 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രോജക്റ്റ് നം. | S0009/19-20 |
| പേര് | മാംഗല്യ വിവാഹ ധനസഹായം |

| | |
|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 2,50,000/- |
| അടങ്കൽ | 2,50,000/- |
| ബിൽ നം.തീയതി | ചെലവ് |
| 10/20-21/11.01.2021 | 50,000/- |
| 11/20-21/11.02.2021 | 50,000/- |
| ആകെ | 1,00,000/- |

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|
| സുന്ദരി | 17020100067338 | 50,000 |
| രാധ | 38795634598 | 50,000 |
| ആകെ | | 1,00,000 |

സാമൂഹ്യ നീതി വകുപ്പ് ഖണ്ഡിക 7.2.1 ലെ നിബന്ധന പ്രകാരം പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹ ധന സഹായമായി പരമാവധി 75,000/- രൂപ വരെ നൽകാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു. ഫയൽ പരിശോധിച്ചതിൽ നിന്നും അനുവദനീയമായ 75,000/- രൂപയിൽ നിന്നും വ്യതിചലിച്ച് 2 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായമായി 50,000/- രൂപ മാത്രമാണ് നൽകിയതായി കാണുന്നത്.

പ്രസ്തുത സാഹചര്യത്തിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ 18.11.2021 ലെ അന്വേഷണ നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി

ഫണ്ടുകളുടെ അപര്യാപ്തത മൂലമാണ് ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ധനസഹായം നല്കുവാൻ സാധ്യമാവാതെ പോയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സാമൂഹ്യ നീതി വകുപ്പ് ഖണ്ഡിക 7.2.1 ലെ നിബന്ധന പ്രകാരം പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹ ധന സഹായമായി പരമാവധി 75,000/- രൂപ വരെ നൽകുന്നതിന് ബജറ്റിൽ വകയിരുത്തേണ്ടതാണ്.

1-33 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചത് - ക്രമ പ്രകാരമല്ല.

2020-2021 സാമ്പത്തിക വർഷത്തിലുള്ള തനത് ഫണ്ടിന്റേയും പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടേയും നീക്കിയിരിപ്പുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

1)

| | |
|---|---|
| തനത് ഫണ്ട് (നീക്കിയിരിപ്പ്) | 50,07,387/- |
| NREGS മുൻകൂർ | 2,72,608/- (B-18) |
| ആകെ | 52,79,995/- |

2)

| | |
|---|---|
| പഞ്ചായത്ത് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 8,008/- ( B-2) |
| ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് | 35,68,043/- (B-4) |
| ഡെപ്പോസിറ്റ്സ് | 1,34,245 (B-7) |
| സണ്ട്രി ക്രഡിറ്റേഴ്സ് | 22,44,324(B-9) |

| | |
|---|---|
| ആകെ | 59,54,620/- |

ക്രമ നം.1 പ്രകാരം 52,79,995/- രൂപ തനത് ഫണ്ടായി കണക്കിലെടുത്ത് ക്രമ നം.2 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളായ 59,54,620/- രൂപ കുറവ് ചെയ്താൽ തനത് ഫണ്ടിന്റെ യതാർത്ഥ നെഗറ്റീവ് നീക്കിയിരിപ്പായ 6,74,625/- രൂപയിൽ എത്തി ചേരാവുന്നതാണ്.

ക്രമ നം.2 ൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത്ഫണ്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതായാണ് കാണുന്നത്. (കാനറാ ബാങ്ക്, കല്ലുവഴി) ആയതിനാൽ വാർഷിക കണക്ക് പ്രകാരം തനത് ഫണ്ടിലെ നീക്കിയിരുപ്പ് - യതാർത്ഥത്തിൽ 6,74,625/- രൂപയാണെങ്കിലും വാർഷിക കണക്കിൽ പ്രസ്തുത നീക്കിയിരിപ്പ് പ്രതിഫലിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശ ങ്ങൾ

1)പ്രത്യേകോദ്ദേശ ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് നിർദ്ദിഷ്ട പദ്ധതികൾക്ക് തന്നെ തുക വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2)വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

3)വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ നീക്കിയിരുപ്പ് Receipt & Payment Schedule RP-40(b) യുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

തുടർ നടപടികൾ സമർപ്പിക്കേണ്ടതാണ്.

1-34 തെരുവ് വിളക്കുകളുടെ പരപാലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ക്രമ നം. 15 പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. വിദ്യുച്ഛക്തിയും, ഊർജ്ജവും എന്ന മേഖലയിലും പ്രസ്തുത ചുമതല ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീട്ട് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

പഞ്ചായത്ത് തലത്തിൽ പരിപാലിച്ച് വരുന്ന രജിസ്റ്ററുകൾ

2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

നിലവിൽ റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ഒരേ രജിസ്റ്ററിൽ തന്നെയാണ് സൂക്ഷിച്ച് വരുന്നത്. ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും ഒഴിവാക്കി മാറ്റുന്നത് നിലവിൽ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.(14.11.2021ലെ അന്വേഷണ നം.1)

മീറ്ററിംഗ് സംവിധാനം

തെരുവ് വിളക്കുകൾക്ക് മീറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കുകൾക്കുള്ള ടാരിഫ് റേറ്റ്

| വിളക്കിന്റെ തരം | വാട്സ് | 12 മണിക്കൂറിന് പ്രതി മാസം | വൈദ്യുതി ചാർജ്ജ് |
|---|---|---|---|
| ഓർഡിനറി | 100 | 184 | 10,512/- |
| ഫ്ളൂറസന്റ് ട്യൂബ് | 80 | 147 | 21168/- |
| ഫ്ലഡ് ലൈറ്റ് | 1000 | 1845 | 265680/- |
| മെർക്കുറി ലാമ്പ് | 400 | 785 | 113040 |
| സോഡിയം വെപ്പർ ലാമ്പ് | 250 | 492 | 70848 |
| ക്ലോറഫ്ളൂറസന്റ് ലാമ്പ് | 116 | 231 | 33264 |
| ലൈറ്റ് എമിറ്റിംഗ് ഡയോഡ് | 45 | 39 | 5616 |
| ആകെ | | | 520128 |

KSEB യുമായുള്ള സംയുക്ത പരിശോധന

2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് അധികൃതരും, KSEB യും ചേർന്ന് സംയുക്തമായ പരിശോധനയിലൂടെ പ്രവർത്തനക്ഷമവും, അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ ബൾബുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്കുള്ള അറ്റകുറ്റ പണികൾ .

KSEB യുമായി ചർച്ച ചെയ്യാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത കരാറുകാർ മുഖേനയാണ് തെരുവ് വിളക്കുകളുടെ പരാതികൾ തീർപ്പ് കൽപ്പിക്കുന്നത്. ക്വട്ടേഷൻ നടപടികളിലൂടെ അറ്റകുറ്റ പണികൾക്കാവശ്യമായ വാഹനം വാടകയ്ക്കെടുക്കുന്നു. വാർഡ് മെമ്പർ മുഖേന ലഭ്യമാവുന്ന പരാതികൾക്കനുസൃതമായി മെയിന്റനൻസ് ടീമിന് കൈമാറുന്നു.

ഉപയോഗ ശൂന്യമായ ഉപകരണങ്ങൾ

നിലവിൽ ഉപയോഗ ശൂന്യമായ വൈദ്യുതോപകരണങ്ങൾ SCRAP വിലയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് തലങ്ങളിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ തന്നെയാണ് പ്രസ്തുത ഉപകരണങ്ങൾ സൂക്ഷിച്ച് വരുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)K.S.E.B യും പഞ്ചായത്ത് അധികൃതരും ചേർന്ന് പ്രവർത്തന ക്ഷമതയുള്ളവയും, പ്രവർത്തന രഹിതമായ തെരുവ് വിളക്കുകളുടേയും കണക്കുകൾ സംയുക്ത പരിശോധനയിലൂടെ കൃത്യതയോട് കൂടി നിർണ്ണയിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2)5.09.2011 ലെ 3055/ഡ.എ.3/2011/ത.സ്വ.ഭ.വ പ്രകാരം AMC മുഖേന തെരുവ് വിളക്കുകൾക്കുള്ള പരാതിക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി അംഗീകൃത കരാറുകാരനെ തെരഞ്ഞെടുക്കേണ്ടതാണ്. പരിപാലന പ്രവൃത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളവയുമായിരിക്കണം. ഭാവിയിൽ AMC മുഖേന ബൾബുകൾ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)പ്രവർത്തന രഹിതമായ ബൾബുകൾ പഞ്ചായത്തിലേക്ക് ലഭ്യമാക്കി ഉപയോഗ ശൂന്യമായവ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4)മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജ് ഗണ്യമായി കുറവാക്കുവാനായി വൈദ്യുതി ഉപഭോഗം കുറഞ്ഞ LED ബൾബുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു. മീറ്റർ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

6)2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രകാരം ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി KSEB യിൽ നിന്നും സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവാക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-35 ആസ്തി രജിസ്റ്റർ കാലികമാക്കൽ.

2015 സാമ്പത്തിക വർഷം മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി റോഡുകളുടെ വിവര ശേഖരണം നടത്തുന്നതിനായി 2020-21 വർഷത്തിൽ രാജേഷ് തെക്കേടത്ത് വീട് എന്നയാളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് വന്നിട്ടുണ്ട്. 11.11.2020 ലെ 7/1 നമ്പർ പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. 1.12.2020 മുതൽ 31.12.2020 വരെ 650/- രൂപ നിരക്കിൽ 24 ദിവസത്തേക്ക് 15,600/- രൂപ നൽകിയിട്ടുണ്ട്. 2020.21 വർഷത്തിൽ മാത്രമാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്.

| | |
|---|---|
| പേയ്മെന്റ് ഓർഡർ നം. | 520071 |
| വൗച്ചർ നം./തീയതി | 22000913/02.02.2021 |
| ചെക്ക് നം. | 714960/02.02.2021 |

28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന പ്രകാരമുള്ള ദിവസ/വേതന കരാറുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രധാന വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് നിർഷ്കർഷിക്കുന്നു :

1)കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരെ ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതുമാണെന്നും, കൂടാതെ രണ്ടു വർഷത്തെ കാലാവധിക്കാണ് സേവനം ദീർഘിപ്പിക്കുന്നെങ്കിൽ സർക്കാരിന്റെ അനുമതിയോടു കൂടിയെ കരാർ പുതുക്കാവൂ എന്നും നിഷ്കർഷിക്കുന്നു.

2)ദിവസ/വേതന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി വിലയിരുത്തേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം.

ദിവസ വേതനത്തിനായി നിയമിച്ച തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ സേവന കാലയളവ് ആരംഭിച്ചതും, സേവനം നിലവിലും തുടരുന്നുണ്ടെങ്കിൽ ആയതിന്റേയും വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവി സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും

ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-36 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ബിൽ നം.തിയതി | ചെലവ് തുക |
|---|---|---|---|
| 6/21 വിവിധ പ്രദേശങ്ങളിലേക്ക് വാട്ടർ അതോറിറ്റി മുഖാന്തിരം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 660000 | 89/31.03.2021 | 660000 |

സ.ഉ (കൈ)നം 11/2018/ത.സ്വ.ഭ.വ തീ 29.01.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.(3) (ഡി)ii പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ ബന്ധപ്പെട്ട ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാർ ഇല്ലാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/18.11.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്

1-37 അനുപൂരക പോഷകാഹാരം-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ പവിത്രം കുടുംബശ്രീ യൂണിറ്റ്, അഴിയന്നൂർ, കടമ്പഴിപ്പുറം (GSTIN-32AAPFP 9320BIZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 29/21 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട് 600000 |
| | കേന്ദ്ര വിഹിതം 400000 |
| | ആകെ 1000000 |

| | |
|---|---|
| ചെലവ് | വികസന ഫണ്ട് 600000 |
| | കേന്ദ്ര വിഹിതം 400000 |
| | ആകെ 1000000 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻ വോയിസ് നമ്പർ / തീയതി | അമൃതം ഫുഡ്സ് @ 70/ K G | തുക |
|---|---|---|---|---|---|
| 1 | 04/21-25.06.20 | 299787 | 194/11.04.20 | 731.5 | 51205 |
| | | | 200/20.05.20 | 627 | 43890 |
| | | | 203/16.06.20 | 770 | 53900 |
| 2 | 05/21-12.08.20 | 88053 | 206/16.07.20 | 702 | 49140 |
| 3 | 06/21-23.09.20 | 155838 | 209/21.08.20 | 878.5 | 61495 |
| 4 | 08/21-25.11.20 | 56322 | 221/23.11.20 | 792 | 55440 |
| കേന്ദ്ര വിഹിതം | | | | | |
| 5 | ചെക്ക് നം. 1909192/23.11.20 | 96058 | 216/19.10.20 | 783 | 54810 |
| 6 | ചെക്ക് നം. 3774401/25.03.21 | 197824 | 223/24.12.20 | 798 | 55860 |
| | | | 226/18.01.20 | 783 | 54810 |
| 7 | ചെക്ക് നം. 1909185/05.10.20 | 106118 | 213/25.09.20 | 786 | 55020 |
| | | | | ആകെ | 535570 |
| ഈടാക്കേണ്ടിയിരുന്ന നികുതി | | | CGST @ 1% | | 5356 |
| | | | SGST 1% | | 5356 |
| | | | | ആകെ | 10712 |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/15.11.2021) സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയ റിട്ടേണുകൾ ഹാജരാക്കുകയും, ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-38 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി- അർഹമായ തുക വകയിരുത്തുന്നില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ

സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. സ്കോളർഷിപ്പ് തുക അതത് മാസം തന്നെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്.

വാർഷിക ബത്തകൾ പ്രതിമാസ സ്കോളർഷിപ്പ് പോലെ തന്നെ നൽകാവുന്ന തുകയാണ്. ഇതിനായി പ്രത്യേക ചെലവ് രേഖകൾ നൽകേണ്ടതില്ല. പാർശ്വവൽകരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് സ്കോളർഷിപ്പ് മുതലായ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിൽ ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം 2 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | 28/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് – ജനറൽ | 33/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -എസ് സി.പി |
|---|---|---|
| അടങ്കൽ | വികസന ഫണ്ട് 175000 | 100000 |
| | ബ്ലോക്ക് വിഹിതം 50000 | 0 |
| | ജില്ലാ വിഹിതം- 50000 | 0 |
| | ആകെ 275000 | 100000 |
| ചെലവ് | വികസന ഫണ്ട് 175000 | 100000 |
| | ബ്ലോക്ക് വിഹിതം 0 | 0 |
| | ജില്ലാ വിഹിതം- 50000 | 0 |
| | ആകെ 225000 | 100000 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ | |

2020-21 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 31 ഗുണഭോക്താക്കൾക്കും, പട്ടിക ജാതി വിഭാഗത്തിൽ 6 ഗുണഭോക്താക്കൾക്കും ഉൾപ്പെടെ 37 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായവരുടെ ഡാറ്റാബേസ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ സ്കോളർഷിപ്പിന് അർഹരായവരുടെ കൃത്യമായ വിവരം ലഭ്യമല്ല. ഒരു ഗുണഭോക്താവിന് ശരാശരി 8,884/- രൂപ ജനറൽ വിഭാഗത്തിലും, 19,750/- രൂപ പട്ടിക ജാതി വിഭാഗത്തിലും സ്കോളർഷിപ്പായി നൽകുന്നതിനേ കഴിഞ്ഞിട്ടുള്ളൂ. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല . ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നതിനും കഴിഞ്ഞിട്ടില്ല . സർക്കുലർ നം. ഡിഎ 1/19/2019 /ത.സ്വ.ഭ.വ തീയതി 25.1.2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും ആയതിന് മതിയായ തുക നീക്കിവെക്കുന്നുണ്ടെന്ന് സി.ഡി.പി.ഓ / ഐ സി ഡി എസ് സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/15.11.2021) തനതു വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാലും, ലഭിക്കുന്ന ഫണ്ടുകൾ മറ്റു വികസന മേഖലകളിലേക്ക് എത്തിക്കേണ്ടതിനാലുമാണ് ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകാൻ കഴിഞ്ഞിട്ടില്ലെന്നും, ഭാവിയിൽ അർഹമായ മുഴുവൻ തുകയും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിന് മതിയായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-39 തൊഴിലുറപ്പ് പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുകയും അവ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. തൻ വർഷം ഏറ്റെടുത്തു നടത്തിയ ശ്രദ്ധേയമായ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എണ്ണം | മനുഷ്യ ദിനം | തുക |
|---|---|---|---|---|
| 1 | കനാൽ നിർമ്മാണം | 3 | 8689 | 2581944 |
| 3 | കിണർ നിർമ്മാണം | 35 | 2890 | 1555899 |
| 3 | തോടുകളുടെ ആഴം കൂട്ടി ഭിത്തി സംരക്ഷണം | 37 | 12050 | 6350083 |
| 4 | കയ്യാല അതിർത്തി തിരിക്കൽ | 1 | 344 | 101824 |
| 5 | കോംപോസിറ്റ് & സോക് പിറ്റ് നിർമ്മാണം | 53 | 237 | 259156 |
| 6 | തരിശു ഭൂമി വികസനം (ലേബർ ഗ്രൂപ്പ്) | 19 | 2908 | 827310 |
| 7 | പച്ചക്കറി , തീറ്റപ്പുൽ വളർത്തൽ | 30 | 6812 | 2016352 |
| 8 | ഭവന നിർമ്മാണം | 60 | 3648 | 1059531 |
| 9 | കോഴി കൂട് നിർമ്മാണം | 58 | 985 | 2604980 |
| 10 | ആട്ടിൻ കൂട് നിർമ്മാണം | 38 | 553 | 1746505 |
| 11 | കാലിതൊഴുത്ത് | 48 | 1829 | 3737499 |
| 12 | കുളം നിർമ്മാണം | 3 | 508 | 153368 |
| 13 | റോഡ് നിർമ്മാണം | 24 | 13363 | 8395457 |
| 14 | റോഡ് അരിക് ചാൽ നിർമ്മാണം | 10 | 9201 | 2698632 |
| 15 | മിനി മെറ്റീരിയൽ കളക്ഷൻ സെന്റർ | 13 | 62 | 3177810 |
| 16 | റോഡ് സൈഡിൽ വനവത്ക്കരണം | 2 | 793 | 234728 |
| | ആകെ | 434 | 64872 | 37501078 |

തൊഴിലുറപ്പ് പദ്ധതിയുടെ മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ജല സുരക്ഷ - സമ്പൂർണ്ണ കിണർ റീ-ചാർജ്ജ്, കുളം നിർമ്മാണവും നവീകരണവും തുടങ്ങിയ പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും തുടങ്ങി ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മറ്റു പദ്ധതികൾ കൂടി

കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയില്ല

അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽനികുതി കുറവായി ഈടാക്കി. 35917/ഡി-1/2000/ത.സ്വ.ഭ.വ തീയതി 27.07.200 സർക്കുലർ പ്രകാരം ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്/ഫെസ്റ്റിവൽ അലവൻസ് എന്നിവ നേർപകുതി വീതം രണ്ടു അർദ്ധ വർഷത്തെയും വരുമാനമായി കണക്കാക്കേണ്ടതാണ്. എന്നാൽ ജി എച്ച് എസ് എസ് മുന്നൂർക്കോട് സമർപ്പിച്ച തൊഴിൽനികുതി സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിൽ ബോണസ് ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | ബോണസ് ഉൾപ്പെടാത്ത അർദ്ധവാർഷിക വരുമാനം | ബോണസ് ഉൾപ്പെടെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | സൗമ്യ സി, ജി.എച്ച്.എസ്.എസ് മുന്നൂർക്കോട് | 20800X6= 124800 | (20800+1375) X 6 = 126175 | 1250 | 1000 | 250 |
| 2 | സുനിത ആർ, ജി.എച്ച്.എസ്.എസ് മുന്നൂർക്കോട് | 20800X6= 124800 | (20800+1375) X 6 = 126175 | 1250 | 1000 | 250 |
| | | | | | ആകെ | 500 |

നിയമപ്രകാരം അടവാക്കേണ്ടതായ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കാത്ത വിവരം ഓഡിറ്റ് അന്വേഷണം (6/17.11.21) മുഖേന അറിയിച്ചതിന് നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽനികുതി അടക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും കുറവായ തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 08.11.2021 മുതൽ 23.11.2021 | അനുബന്ധമായി |

| | | |
|---|---|---|
| | വരെ | ചേർത്തിട്ടുണ്ട് |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 1206381 | ലൈഫ് മിഷൻ | 468968 | 737413 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 438750 | നെൽകൃഷി | 438750 | 0 |
| ആകെ | | 1645131 | | 907718 | 737413 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 2863532 | ലൈഫ് മിഷൻ | 2863532 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 50000 | വികലാംഗ സ്കോളർഷിപ്പ് | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 50000 | പാൽ വില ഇൻസന്റീവ് | 50000 | 0 |
| ആകെ | | 2963532 | | 2963532 | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കൽ | | 660000 | 0 | 660000 |
| ശ്രീകൃഷ്ണപുരം KSEB | ഇലക്ട്റിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 50000 | 0 | 50000 |
| കോതക്കുറിശ്ശി അമ്പലപ്പാറ, ശ്രീകൃഷ്ണപുരം KSEB | ഇലക്ട്റിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 50000 | 0 | 50000 |
| ശ്രീകൃഷ്ണപുരം KSEB | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | | 511772 | 0 | 511772 |
| ശ്രീകൃഷ്ണപുരം KSEB | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | | 15993 | 0 | 15993 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹.15,40,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ലഭ്യമാക്കിയത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO Loan | | 1540000 | 3941764 | 571097 | - | 4910667 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2732129 |
| ഓഡിറ്റ് വർഷത്തെ വരവ് | 58030830 |
| ആകെ | 60762959 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 55755572 |
| നീക്കിയിരിപ്പ് | 5007387 |
| വരവിനങ്ങളിലുള്ള നഷ്ടം | 500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 573606 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 500 | - | ശ്രീമതി. സ്മിത, സെക്രട്ടറി |
| ആകെ | 500 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 225000 | വി.ഹരികൃഷ്ണൻ, അസി. എഞ്ചിനീയർ |
| 1-24(1). (2) | 134856 (44856+ 90000) | സി. പ്രവീൺ, അസി. എഞ്ചിനീയര് |
| 1-25 | 438750 | വിന്നീ മാത്യു, കൃഷി ഓഫീസർ |
| ആകെ. | 573606 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 3000 | സി. പ്രവീൺ, അസി. എഞ്ചിനീയർ |
| ആകെ. | 3000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 60883 | ആർദ്ര.പി.ടി, അസി.എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ആകെ | 60883 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സ്മിത. കെ, സെക്രട്ടറി | സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | കൗസ്തുഭം കണ്ണാടി പി.ഓ പാലക്കാട് ജില്ല. |
| വി.ഹരികൃഷ്ണൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് | അംസൺ വില്ല കടമ്പഴിപ്പുറം പി.ഓ പാലക്കാട് ജില്ല |

| | | |
|---|---|---|
| സി. പ്രവീൺ,<br>അസി.എഞ്ചിനീയർ | (എംപ്ലോയ്മെന്റ്<br>ഉദ്യോഗാർത്ഥി) | ചക്കവിള ഹൗസ്<br>കരുമന്നൂർ<br>പാറശ്ശാല പി.ഓ<br>തിരുവനന്തപുരം |
| വിന്നി മാത്യു,<br>കൃഷി ഓഫീസർ | ലഭ്യമല്ല. | കൊച്ചാലുമൂട്ടില്<br>കോട്ടമുറി<br>ചങ്ങനാശ്ശേരി<br>കോട്ടയം(ജില്ല) |
| ആർദ്ര.പി.ടി,<br>അസി.എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്. | അസി.എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്.,<br>പൂക്കോട്ടുകാവ്<br>ഗ്രാമപഞ്ചായത്ത് | പട്ടിശ്ശേരിത്തൊടിവീട്<br>കല്ലുവഴി പി.ഓ<br>പാലക്കാട് ജില്ല<br>പിൻ . 679514 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 9 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | | 3 |
| 2000-01 | | 1 |
| 2001-02 | | 4 |
| 2002-03 | | 4 |
| 2003-04 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 9 |
| 2004-05 | | 1 |
| 2005-06 | | 9 |
| 2006-07 | | 1 |
| 2007-08 | എൽ.എഫ്. പി12/2232/12 തീയതി 24.05.13 | 9 |
| 2008-09 | എൽ.എഫ്. പി12/1331/15 തീയതി 17.09.15 | 12 |
| 2009-10 & 2010-11 | കെ.എസ്.എ/പി.കെ.ഡി 12/1184 /16തീയതി 5.10.16 | 10 |
| 2011-12 | എൽ.എഫ് പി 12/1582/14/11.11.14 | 15 |
| 2012-13 | എൽ.എഫ്.പി 12/ 931/15 തീയതി 20.10.15 | 17 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി 12/233/16തീയതി 5.1.18 | 22 |
| 2015-16 | നം.കെ.എസ്.എ/പി.കെ.ഡി 12/1882 /16തീയതി 6.06.18 | 12 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി 12/1800 /17തീയതി 12.03.18 | 8 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ-പികെഡി12 /803/2019 തീയതി: 27.07.2019 | 38 |
| 2018-19 | കെ.എസ്.എ-പികെഡി12/371 /2020തീയതി: 12.05.2020 | എല്ലാ പരാമർശങ്ങളും |
| 2019-20 | കെ.എസ്.എ-പികെഡി12/ 1628/2021തീയതി: 29-01-2022 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്കുകളിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| Pookkottukavu Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19256593.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8008.00 |
| 312000000 | Reserves | B-3 | 40665914.00 |
| | Total Reserve & Surplus | | 59930515.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3568043.00 |
| | Total Grants, Contributions for Specific Purposes | | 3568043.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4910667.00 |
| | Total Loans | | 4910667.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 134245.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2244324.00 |
| | Total Current Liabilities and Provisions | | 2378569.00 |
| | TOTAL LIABILITIES | | 70787794.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 71698165.00 |
| 411000000 | Accumulated Depreciation | B-11 | -13197367.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 558689.00 |
| | Total Fixed Assets | | 59059487.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1167196.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 4910667.00 |
| 450000000 | Cash and Bank Balance | B-17 | 5007387.50 |
| 460000000 | Loans, Advances and Deposits | B-18 | 643056.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 11728307.40 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 70787794.40 |

Pookkottukavu Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2259514.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5500.00 |
| 140000000 | Fee & User Charges | I-4(b) | 282772.00 |
| 150000000 | Sale & Hire | I-5(b) | 173116.00 |

| | | | |
|---|---|---|---|
| | Charges | | |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 118327483.00 |
| 171000000 | Interest Earned | I-8 | 69319.00 |
| 180000000 | Other Income | I-9 | 201877.00 |
| | Total Income | | 121319581.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8693716.00 |
| 220000000 | Administrative Expenses | I-11(b) | 598151.00 |
| 230000000 | Operations & Maintenance | I-12(b) | 1610464.00 |
| 240000000 | Interest & Finance Charges | I-13 | 2243.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5065133.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54843833.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2570580.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 386121.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not | I-14(d) | 37840520.00 |

| | | | |
|---|---|---|---|
| | included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 10092202.00 |
| 272000000 | Depreciation | I-17(a) | 4636766.00 |
| | Total Expenditure | | 126339729.00 |
| | Gross Surplus/ Deficit of income over Expenditure | | -5020148.00 |
| 280000000 | Prior Period Item | I-18 | 32800.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5052948.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Pookkottukavu Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2693250.50 |
| Cash | Cash | RP-40(a) | 38879.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 609050.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5500.00 |
| 140000000 | Fees & User Charges | RP-4 | 232772.00 |
| 150000000 | Sale & Hire Charges | RP-5 | 173116.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 44871371.00 |
| 171000000 | Interest Earned | RP-9 | 69319.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5552168.00 |
| 350000000 | Other Liabilities | RP-36 | 1577000.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 233.00 |
| 330000000 | Secured Loans | RP-32 | 2240000.00 |
| 340000000 | Deposits Received | RP-34 | 102469.00 |
| 350000000 | Other Liabilities | RP-36 | 91738.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1659561.00 |
| 460000000 | Loans, Advances and Deposits | RP-47 | 846533.00 |
| | Grand total | | 60762959.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2350617.00 |
| 220000000 | Administrative Expenses | RP-12 | 598151.00 |
| 230000000 | Operations & Maintenance | RP-13 | 1480464.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4583621.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18038791.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2570580.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 386121.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 342720.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10092202.00 |
| 280000000 | Prior Period item | RP-26 | 15407.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21762.00 |
| 350000000 | Other Liabilities | RP-36 | 4243876.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2243.00 |
| 340000000 | Deposits Received | RP-34 | 52692.00 |
| 350000000 | Other Liabilities | RP-36 | 1379154.00 |
| 410000000 | Fixed Assets | RP-38 | 4947681.00 |
| 412000000 | Capital work in Progress | RP-40 | 1873957.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 1167497.00 |
| 460000000 | Loans, Advances and Deposits | RP-47 | 1608036.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4987092.50 |
| Cash | Cash | RP-40(b) | 20295.00 |
| | Grand Total | | 60762959. |

ഡെപ്യൂട്ടി ഡയറക്ടർ